# 13
# ക്രിസ്തുവിനോടുള്ള പ്രതികരണം
## കൊലൊസ്യർ 3:15–17

3:1–14 ൽ, ലൗകിക താൽപര്യങ്ങളെ കൊലൊസ്യർ മരിപ്പിച്ചതിനാൽ അവർ സ്വർഗീയവും ആത്മികവുമായ കാര്യങ്ങളെ കുറിച്ച് ചിന്തിച്ച് മുൻപോട്ട് ഗമിക്കുവാനാണ് പൗലൊസ് അവരെ ഉത്തേജിപ്പിച്ചത്. അക്കാരണത്താൽ അവർ ജഡിക ഇഛകളെ ഉപേക്ഷിക്കയും ക്രിസ്തുവിൽ കാണുന്ന ദൈവികമായ ഗുണങ്ങൾ സ്വീകരിക്കയും ചെയ്യണമായിരുന്നു. ആ നിർദ്ദേശങ്ങൾക്ക് ശേഷം, അന്യോന്യം പ്രബോധിപ്പിക്കുവാനും ആത്മിക ഗീതങ്ങൾ പാടി ദൈവത്തെ അനുമോദിക്കുവാനും അവരെ പൗലൊസ് പ്രോൽസാഹിപ്പിച്ചു (3:15–17). യേശുവിന്റെ ഇഷ്ടപ്രകാരമായിരുന്നു ഇതെല്ലാം ചെയ്യേണ്ടിയിരുന്നത്.

### അവന്റെ സമാധാനം സ്വീകരിക്കൽ (3:15)

**15ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ; അതിനല്ലോ നിങ്ങളെ ഏകശരീരമായി വിളിക്കപ്പെട്ടുമിരിക്കുന്നത്; നന്ദിയുള്ളവരുമായിരിപ്പിൻ.**

**"ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ വാഴട്ടെ" (3:15)**

**സമാധാനം** (*എയിരെനെ*) ഹൃദയത്തിന്റെ മനശാന്തി, ആന്തരിക ശാന്തത, ആത്മാവിന്റെ നിശ്ചലമായ അവസ്ഥ. ലോകത്തിന്റെ കരുതലോ വിചാരമോ ഇല്ലാതെ നിഷ്ക്കളങ്കമായ ഒരു ശിശു ഉറങ്ങുന്നതിനോട് ഇതിനെ ഉപമിക്കാം. ബാഹ്യമായ സാഹചര്യങ്ങളെ ഒരുപക്ഷെ മഥിക്കാത്ത അവസ്ഥയായിരിക്കാം ആന്തരികമായ സമാധാനം എന്നു പറയുന്നത്.

യേശുവിന്റെ സമാധാനം ലഭിക്കുവാൻ ക്രിസ്ത്യാനിയുടെ ഭാഗത്തുനിന്നു ഗൗരവമായ ശ്രമം ആവശ്യമാണ് (റോമർ 14:19; 2 തിമൊ. 2:22; 1 പത്രൊ. 3:11). അവരുടെ ചിന്തയേയും ജീവിതത്തെയും നിയന്ത്രിക്കുവാൻ അവനെ അനുവദിക്കുന്നവർക്കാണ് അത് ലഭിക്കുന്നത്. വിടവുകളെല്ലാം അടച്ച് ഒരു വീട്ടിനകത്തേക്ക് സൂര്യപ്രകാശം കയറാതെ നമുക്ക് തടയാം, വിടവുകളെല്ലാം തുറന്നാൽ വീണ്ടും സൂര്യപ്രകാശത്തിന് കയറാം. അതുപോലെ നമ്മുടെ ഹൃദയം തുറന്നാൽ യേശുവിന്റെ സമാധാനം നമ്മുടെ ഉള്ളത്തിൽ പ്രവേശിക്കും. ഫിലിപ്പിയയിലെ ക്രിസ്ത്യാനികൾ അവരുടെ ആകുലതകളെല്ലാം ദൈവത്തിൽ സമർപ്പിച്ച് പൗലൊസിൽനിന്ന് അവർ പഠിച്ചതുപോലെ, ദൈവിക സമാധാനം അവരുടെ ഹൃദയങ്ങളിൽ ക്രിസ്തു കാക്കുവാനായി അവർ അനുവദിച്ചിരുന്നു (ഫിലി. 4:6, 7, 9).

സമാധാനത്തിനുള്ള വഴി അവർ അറിയാതിരുന്നതിനാൽ കർത്താവ് യെരു

ശലേമിനെ ഓർത്തു വിലപിച്ചു (ലൂക്കൊ. 19:42). കലങ്ങി മറിഞ്ഞ ലോകത്തിൽ തന്റെ അനുയായികൾക്ക് അവൻ സമാധാനം വാഗ്ദാനം ചെയ്തു (യോഹ. 16:33), പക്ഷെ അതു ലോകം നൽകുന്ന സമാധാനമല്ല (യോഹ. 14:27). ലോകത്തിന് ചിലപ്പോൾ, ഭൗതികമായ സമാധാനം നൽകുവാൻ കഴിഞ്ഞേക്കാം; എന്നാൽ യേശു തരുന്ന സമാധാനം നൽകുവാൻ ലോകത്തിന് കഴിയുകയില്ല. തൻെറ നുകം ഏറ്റെടുത്ത് പഠിച്ച് തന്നിൽ നിന്നു വിശ്രമം നേടുവാനാണ് യേശു ആഹ്വാനം ചെയ്തത് (മത്താ. 11:28–30).

ക്രിസ്തുവിന്റെ സമാധാനം മൂന്നു വിധത്തിൽ പ്രവർത്തിക്കുന്നു: ദൈവത്തോടും, മറ്റുള്ളവരോടും, സ്വയമായിട്ടും. തന്റെ ജീവിതം, മരണം, ഉയർത്തെഴുന്നേൽപ് എന്നിവ മുഖാന്തരം ദൈവത്തോട് സമാധാനം ഉള്ളവരാകുവാനാണ് തന്റെ അനുയായികളോട് യേശു കൽപിച്ചത് (കൊലൊ. 1:20; റോമർ. 5:1). ക്രിസ്തുവിലായി തീർന്നവർക്ക് അത് അനുഭവിക്കുവാൻ കഴിയും (2 കൊ. 5:17–21), അതായത് സ്നാനം മുഖാന്തരം അവനോട് ചേർന്നവർക്ക് (റോമർ 6:3; ഗലാ. 3:27).

ക്രിസ്ത്യാനികൾ സഹോദരന്മാരോടും എല്ലാവരോടും സമാധാനമായിരിക്കണം (2 കൊ. 13:11; 1 തെസ്സ. 5:13; എബ്രാ. 12:14; യാക്കൊ. 3:18). ന്യായപ്രമാണത്തിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞുകൊണ്ടാണ് യേശു ഇത് സാധ്യമാക്കിയത് (എഫെ. 2:14, 15). ക്രിസ്തുവിന്റെ ഏക ശരീരത്തിൽ ക്രിസ്ത്യാനികൾ പരസ്പരം യോജിച്ചിരിക്കണം (എഫെ. 2:16; 4:1–4). ക്രിസ്ത്യാനികൾക്കിടയിൽ സമാധാനം ഉണ്ടാക്കുവാൻ ഓരോ അവയവവും താന്താന്റെ പ്രവൃത്തി ചെയ്യണം, കാരണം ക്രിസ്തുവിന്റെ സമാധാനം പങ്കിടുവാനുള്ളതാണ്. വ്യക്തിക്ക് മാത്രം അനുഭവിക്കുവാനുള്ളതല്ല അവന്റെ സമാധാനം, പിന്നെയോ അത് ശരീരത്തിനു മൊത്തം അനുഭവിക്കുവാനുള്ളതാണ്, അവിടെയാണ് അവന്റെ സമാധാനവും യോജിപ്പും വാഴുന്നത്.

ആന്തരികമായ കുറ്റവും, പരിഭ്രാന്തിയും, കുഴപ്പവും, പാപവും ആത്മാവിനെ ബാധിച്ചിരിക്കുന്നത് നീങ്ങുമ്പോഴാണ് ഉള്ളിൽ സമാധാനം വരുന്നത്. ദൈവത്തോടും, മറ്റുള്ളവരോടും, സ്വയമായും എങ്ങനെ സമാധാനമായിരിക്കണമെന്ന് യേശുവിൽനിന്ന് പഠിക്കുമ്പോൾ, തികവുള്ളതും നിലനിൽക്കുന്നതുമായ സമാധാനം ലഭിക്കും.

ക്രിസ്തുവിന്റെ സമാധാനം ക്രിസ്ത്യാനികളുടെ **ഹൃദയങ്ങളിൽ വാഴണം** (*ബ്രാബെയുവോ*). ആ വാക്കിന്റെ സംയുക്തവാക്ക് *കാറ്റബ്രാവേയുവെറ്റോ* ("കബളിപ്പിക്കൽ" 2:18-ൽ) കാണാമെങ്കിലും, ആ വാക്ക് കൃത്യമായി ഗ്രീക്ക് പുസ്തകത്തിൽ ഇവിടെ മാത്രമാണുള്ളത്. പുതിയനിയമത്തിനു പുറത്ത് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നതിനർത്ഥം, "പ്രാഥമിക [മായി] മൽസരങ്ങളിൽ സമ്മാനം കൊടുക്കുന്നതിനും, പിന്നെ പൊതു [വിൽ] ആരുടെയെങ്കിലും പ്രവൃത്തിയെയൊ, തീരുമാനത്തെയോ നിയന്ത്രിക്കൽ, വിധിക്കൽ, ഭരിക്കൽ ആണ്."[1] ക്രിസ്ത്യാനികൾക്കിടയിൽ സമാധാനം കൈവരിക്കുവാൻ എന്താവശ്യമാണോ അതിനു "മദ്ധ്യസ്ഥം"[2] വഹിക്കൽ എന്നും അർത്ഥം ആകാം. തർക്കങ്ങൾ ഉണ്ടാകുമ്പോൾ, സമാധാനത്തിനുള്ള ആഗ്രഹമാണ് വഴക്ക് ശമിപ്പിക്കുന്നത്. ഒരു ഇടവകയിൽ സഹോദരങ്ങൾ തമ്മിൽ തർക്കങ്ങളും പ്രശ്നങ്ങളും ഉണ്ടായാൽ യോജിപ്പിനു ഭീഷണി നേരിടും. അപ്പോൾ ക്രിസ്തുവിന്റെ സമാധാനം നമ്മിൽ വരുവാൻ ശ്രമിക്കണം. അപ്പോൾ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. സഹക്രിസ്ത്യാനികളോട് സമാധാനത്തിൽ വസിക്കണം എന്നു

താൽപര്യപ്പെടുന്നവർ നിയന്ത്രിക്കപ്പെടുന്ന ഹൃദയം ഉള്ളവരും ക്രിസ്തുവിനു കീഴ്പ്പെടുന്നവരുമായിരിക്കും.

ദൈവസമാധാനം സഭ മുഴുവനും വ്യാപരിക്കുവാനായിരുന്നു പൗലൊസ് ആഗ്രഹിച്ചത്. കൊലൊസ്യയിലുള്ളവർക്ക് ദൈവത്തോട് വ്യക്തിപരമായ ആന്തരിക സമാധാനം മാത്രം മതിയായിരുന്നില്ല, അവർ ക്രിസ്തുവിന്റെ ശരീരത്തിലുള്ള മറ്റുള്ളവരുമായും സമാധാനം ആചരിക്കണമായിരുന്നു.

**"അതിനായിട്ടല്ലോ ഏക ശരീരമായി നിങ്ങളെ വിളിച്ചിരിക്കുന്നത്" (3:15)**

ക്രിസ്തുവിൽ ഏക **ശരീരത്തിൽ** ആയിരുന്നു കൊലൊസ്യയിലുള്ളവർ സമാധാനം ആചരിക്കേണ്ടിയിരുന്നത് (റോമർ 12:5), അതിലേക്കാണ് അവരെ വിളിച്ചിരിക്കുന്നത്. അതിലേക്ക് എന്ന പ്രയോഗത്തിലെ "ക്ക്" (*എയിസ്*) എന്നതിന്റെ അർത്ഥം "ലേക്ക്" എന്നാണ്. ഏക ശരീരത്തിൽ സമാധാനത്തിലേക്ക് ആണ് അവരെ വിളിച്ചിരിക്കുന്നത് എന്നായിരുന്നു പൗലൊസിന്റെ സന്ദേശം. യേശു ആളുകളെ വിളിക്കുന്നത് വ്യത്യസ്തമായ പല ശരീരങ്ങളിലേക്കല്ല; അവന്റെ ഏക ശരീരത്തിലേക്കാണ്; അങ്ങനെ അവർ അന്യോന്യം സമാധാനത്തിൽ വസിക്കും. യേശു ആളുകളെ കുഴപ്പത്തിലേക്കോ, ശണ്ഠയിലേക്കോ അല്ല വിളിക്കുന്നത്. ഭിന്നത, അനൈക്യം, പക, പിണക്കം, അസൂയ, പക്ഷം പിടിക്കൽ എന്നിവ സമാധാനം തകർക്കുകയും "ഏക ശരീരം" എന്ന ഐക്യം തകർക്കുകയും ചെയ്യും. ശണ്ഠയും ഭിന്നതയും യേശുവിൽനിന്നോ പിതാവിൽനിന്നോ വരുന്നതല്ല, സാത്താനിൽനിന്നാണ് വരുന്നത് (യാക്കൊ. 3:14-16). 3:8, 9-ൽ പറഞ്ഞിരിക്കുന്ന ദുർഗുണങ്ങളെ ഉപേക്ഷിക്കുകയും 3:12-14 ൽ പറഞ്ഞിരിക്കുന്ന സൽഗുണങ്ങൾ വളർത്തുകയും ചെയ്യുമ്പോൾ വിശ്വാസികൾക്ക് പരസ്പരം സമാധാനം തിരിച്ചറിയുവാൻ കഴിയും.

ഇവിടെ പറഞ്ഞ "ഏക ശരീരം," എന്നതിനു പൗലൊസ് മറ്റുവേദഭാഗങ്ങളിൽ ഉപയോഗിച്ച ഗ്രീക്ക് സർവ്വനാമം *ഔടൗ* ("അവൻ ശരീരം") അല്ലെങ്കിൽ ഡെഫനിറ്റ് ഗ്രീക്ക് ആർട്ടിക്കിൾ ("ദ ബോഡി"). ഉപയോഗിച്ചിട്ടില്ല, മറിച്ച്, അവൻ ഊന്നൽ കൊടുത്തത്, ക്രിസ്ത്യാനികളെ ഏക ശരീരത്തിലേക്കാണ് വിളിച്ചിരിക്കുന്നത് എന്നതിനാണ്.

മതാദ്ധ്യക്ഷന്മാർ ആളുകളെ വിളിക്കുന്നത്, പക്ഷം ചേരുവാനും, ഭിന്നതക്കും, കലക്കത്തിനും, പരിഭ്രാന്തിക്കുമാണ് (പ്രവൃ. 20:29, 30). അത്തരം കിടമൽസരം യേശു ആഗ്രഹിക്കുന്നില്ല; അവൻ ഏകത്വവും ഐക്യതയുമാണ് ആഗ്രഹിക്കുന്നത് (യോഹ. 17:20-23). വിഭജിക്കപ്പെട്ട, ഒറ്റപ്പെട്ട സമൂഹത്തിൽ നിന്ന് ഏകശരീരത്തിലെ സമാധാനത്തിലേക്കാണ് അവൻ ആളുകളെ വിളിക്കുന്നത്. ശരീരം മനുഷ്യബന്ധങ്ങൾ കൊടുങ്കാറ്റിൽ ഉലഞ്ഞു നശിക്കാതിരിക്കുന്നതിനുള്ള അഭയസ്ഥാനമാണ്.

കൊലൊസ്യരിൽ "ഏകശരീരം" ഇവിടെ മാത്രമാണ് കാണുന്നത്. ശരീരം സഭയാണെന്ന് 1:18, 24-ൽ പൗലൊസ് പറഞ്ഞിരിക്കുന്നു. യേശു തന്റെ സഭ പണിതു (മത്താ. 16:18), അത് ഏകശരീരമാണ് (എഫെ. 4:4; കൊലൊ. 1:18 നോക്കുക), അത് അവനിലേക്ക് ആളുകളെ ആകർഷിക്കുന്നതിനാണ് (യോഹ. 12:32). ആളുകളെ യോജിപ്പിച്ച് ഏക ശരീരത്തിലാക്കുന്നത് അവനാണ് (റോമർ 12:5; 1 കൊ. 10:17; 12:12, 20; എഫെ. 2:16). നാം അവനോട് ചേരുവാൻ സ്നാനം ഏൽക്കുമ്പോൾ നാം അവനിലും അവന്റെ ഏകശരീരത്തിലും

ആകുന്നു (റോമർ 6:3; 12:5; 1 കൊ. 12:13; ഗലാ. 3:27). ഈ ശരീരത്തിൽ നാം ഒന്നായി തീരുന്നു (ഗലാ. 3:28). അന്യോന്യമുള്ള നമ്മുടെ ബന്ധത്തിൽ നിർണ്ണായകമായ വസ്തുതയാണ് ക്രിസ്തുവിന്റെ സമാധാനം.

"ഏക ഇടയനും ഏക കൂട്ടവും" ആകുമെന്ന് യേശു പറഞ്ഞിരിക്കുന്നു (യോഹ. 10:16) എല്ലാ വിശ്വാസികളും "ഒന്നാകുവാൻ" അവൻ പ്രാർത്ഥിക്കുകയും ചെയ്തു (യോഹ. 17:20, 21). പ്രാരംഭ സഭ വിശ്വാസികളുടെ ഏക കൂട്ടമായി, ഏക മനസിലും, "ഏകാത്മാവിലും യോജിച്ചിരുന്നു" (പ്രവൃ. 2:46; 4:32). അവർ കൂടിവന്നത് "ഒരുമനപ്പെട്ടാണ്" (പ്രവൃ. 5:12; റോമർ 15:6 നോക്കുക). വിശ്വാസികൾക്കിടയിൽ ഭിന്നത ഒഴിവാക്കണം (1 കൊ. 1:10; റോമർ. 16:17).

ക്രിസ്തീയ ചിന്തയിൽ **വിളിച്ചു** എന്ന ആശയം പ്രാധാന്യമുള്ളതാണ് വാക്യം 15 ലെ ഗ്രീക്ക് വാക്ക് *എക്ലെതേറ്റേ* സൂചിപ്പിക്കുന്നത് കൊലൊസ്യരുടെ വിളി തികവുള്ളതായിരുന്നു എന്നാണ്. അവർ "വിളിക്ക" +3300.3പ്പെട്ടവരുടെ കൂട്ടത്തിൽ പെട്ടവരായിരുന്നു (*ക്ലേറ്റോസ്*; റോമർ. 1:6; 8:28; 1 കൊ. 1:24).

സുവിശേഷം ലോകം മുഴുവൻ പ്രസംഗിക്കണം (മർ. 16:15) അങ്ങനെ എല്ലാവരെയും വിളിക്കുവാൻ കഴിയും (2 തെസ്സ. 2:13, 14). എങ്ങനെയായാലും, എല്ലാവരെയും തിരഞ്ഞെടുക്കപ്പെട്ടവർ എന്നു വിളിച്ചിട്ടില്ല. കൊലൊസ്യയിലെ ക്രിസ്ത്യാനികൾ വിളി സ്വീകരിച്ചവരായിരുന്നു. സുവിശേഷം അനുസരിക്കാത്തവർ ശിക്ഷിക്കപ്പെടുകയും, അനുസരിച്ചവർ രക്ഷിക്കപ്പെടുകയും ചെയ്യും.

### "നന്ദിയുള്ളവരായും ഇരിപ്പിൻ" (3:15)

ഈ ചെറിയ ലേഖനത്തിൽ, പൗലൊസ് നന്ദിയുള്ളവരായിരിപ്പിൻ, അഥവാ സ്തോത്രം ചെയ്വിൻ എന്ന് അടിക്കടി പറഞ്ഞിരിക്കുന്നു (1:3, 12; 2:7; 3:15, 16, 17; 4:2). നാമവിശേഷണം *യൂകാരിസ്റ്റോയി* ("നന്ദിയുള്ള") ഗ്രീക്ക് പുസ്തകത്തിൽ ഇവിടെ മാത്രമാണ് കാണുന്നത്, എന്നാൽ അതേ വാക്കിന്റെ ക്രിയാരൂപം *യൂകാരിസ്റ്റെയോ* ("നന്ദി") പുതിയനിയമത്തിൽ ഇരുപത്തി-അഞ്ചു പ്രാവശ്യവും അടിക്കടി മറ്റു ഗ്രീക്ക് സാഹിത്യത്തിലും ഉപയോഗിച്ചിരിക്കുന്നത് കാണാം. അനുമോദന മനോഭാവം പ്രദർശിപ്പിക്കുന്നതാണ് നന്ദി. ജീവിതത്തിൽ നന്ദി ഒരു ഭാഗമായി സൂക്ഷിക്കുവാനായിരുന്നു പൗലൊസ് കൊലൊസ്യരെ പ്രബോധിപ്പിച്ചത്. മറ്റുള്ളവരുമായി യോജിച്ച് കഴിയുന്നവർക്ക് നന്ദി ചെലുത്തുവാൻ കാരണങ്ങൾ ഉണ്ട്. അവർ സ്നേഹത്താൽ മറ്റുള്ളവരുമായി ബന്ധിക്കപ്പെട്ടിരുന്നതിനാലും, പശ്ചാത്തല വ്യത്യാസം കണക്കാക്കാതെ ഏക ശരീരത്തോട് നിരപ്പിക്കുകയും ചെയ്തതിനാലും, കൊലൊസ്യർ നന്ദി നിറഞ്ഞവരായിരിക്കേണ്ടത് ആവശ്യമായിരുന്നു. "ഏക ശരീരത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു" എന്നതും "നന്ദിയുള്ളവർ ആയിരിപ്പിൻ" എന്നതും ചിലർ വേർപെടുത്തി പറയുന്നു, എന്നാൽ മറ്റു ചിലർ അതിനെ ബന്ധിപ്പിച്ചാണ് പറയുന്നത്:

> "നന്ദിയുള്ളവർ ആയിരിപ്പിൻ" എന്ന പ്രബോധനം ... (*കായി യൂകാരിസ്റ്റോയി ജിനെസ്തേ*) മനുഷ്യർക്ക് വെറുതെ പ്രാർത്ഥനയിൽ മാത്രം നന്ദിയുള്ള മനോഭാവം ഉണ്ടാകണമെന്നല്ല പറയുന്നത്. മറിച്ച്, ദൈവം അവരെ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് വിടുവിച്ച് തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെച്ച ദൈവത്തിന്ന് പുകഴ്ച്ചയും മഹത്വവും അർപ്പിപ്പാൻ ആ സമൂഹം കടപ്പെട്ടിരിക്കുകയാണ് (1:12). "ഏക ശരീരത്തിലെ" വാഴ്ച്ചയിൽ അഥവാ "സഭയിൽ" ആകുമ്പോൾ,

ക്രിസ്തുവിനെ "അദൃശ്യനായ ദൈവത്തിന്റെ പ്രതിമയായും," ... എല്ലാറ്റിന്റേയും കർത്താവായും ഗീതങ്ങളാൽ അവനെ പുകഴ്ത്തി പാടി നന്ദി കരേറ്റണം (1:15-20).[3]

ഭൂമിയിലെ സകല ജനത്തിലും വെച്ച്, ക്രിസ്ത്യാനികൾക്ക് തീർച്ചയായും ദൈവത്തോട് നന്ദി പറയുവാൻ കാരണങ്ങൾ ഏറെയാണ്. ക്രിസ്തു മുഖാന്തരം നമുക്ക് പല ഭൗതികമായ അനുഗ്രഹങ്ങളും, ക്രിസ്തുവിൽ നമുക്ക് "സകല ആത്മികാനുഗ്രഹങ്ങളും" ഉണ്ട് (എഫെ. 1:3). ദൈവത്താലും, ക്രിസ്തുവിനാലും, ക്രിസ്തീയ സ്നേഹിതന്മാരാലും നാം സ്നേഹിക്കപ്പെടുന്നു. അതിനു പുറമെ, ദൈവത്തിന്റെ കരുണാധിക്യപ്രകാരമുള്ള കരുതലും നാം ആസ്വദിക്കുന്നു. ഇപ്പോഴുള്ളതും വരുവാനുള്ളതുമായ പ്രത്യാശയും ഇപ്പോഴത്തെ ജീവിതത്തിനും ഭാവിജീവിതത്തിനുമുള്ള യഥാർത്ഥ ഉൾക്കാഴ്ച്ചയും ലഭിക്കുന്നു. ദൈവത്തിന്റെ കൃപ കാരണമാണ് ക്രിസ്തുവിൽ നാം അനുഗ്രഹിക്കപ്പെടുന്നത് (എഫെ. 1:7; 2 തിമൊ. 2:1).

## പാട്ട് പാടി അവനെ ആരാധിക്കൽ (3:16)

**16 സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിന്നു പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടുംകൂടെ നിങ്ങളിൽ വസിക്കട്ടെ.**

**"ക്രിസ്തുവിന്റെ വചനം നിങ്ങളിൽ വസിക്കട്ടെ" (3:16)**

ഏക ശരീരത്തിലുള്ളവരോട് പൗലൊസ് പറഞ്ഞു, "ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ," പിന്നെ **ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി നിങ്ങളിൽ വസിക്കട്ടെ**. പുതിയ നിയമത്തിൽ ആ പ്രയോഗം പലപ്പോഴും "കർത്താവിന്റെ വചനം," "ദൈവവചനം," "വചനം" എന്നിങ്ങനെയാണ് കാണുന്നത്.[4] യേശു ചിലപ്പോൾ "എന്റെ വചനം" എന്നു പറഞ്ഞിട്ടുണ്ട്.[5] എന്നാൽ "ക്രിസ്തുവിന്റെ വചനം" എന്ന് ഇവിടെയും റോമർ 10:17 ലും മാത്രമാണ് കാണുന്നത് (റോമർ 10:17-ൽ "വചനം" എന്നാണ്, ഗ്രീക്കിൽ *ലോഗോസ്* എന്നതിനു പകരം *രേമാ* എന്നാണ്).

ക്രിസ്ത്യാനിയിൽ ഐശ്വര്യമായി വസിക്കേണ്ടത് (*എനോഗകെയോ*) ക്രിസ്തുവിന്റെ വചനമാണ്. "വസിക്കുക" എന്നാൽ അർത്ഥം, "വീട്ടിൽ ആയിരിക്കുക" എന്നാണ്. ഈ വാക്കിന്റെ മറ്റു രൂപങ്ങൾ പുതിയനിയമത്തിൽ കാണാം (റോമർ 8:11; 2 കൊ. 6:16; 2 തിമൊ. 1:5, 14). ഈ പ്രത്യേക രൂപം ഇവിടെ ഉപയോഗിച്ചതിനാൽ, കൊലൊസ്യരിൽ ക്രിസ്തുവിന്റെ വചനം തുടർച്ചയായി വസിക്കയും അത് അവരുടെ ജീവിതത്തിൽ സ്ഥിരമായിരിക്കുവാനുമാണ് പൗലൊസ് ആവശ്യപ്പെട്ടത്.

"ഐശ്വര്യമായി" (*പ്ലൗസിയോസ്*), "സമൃദ്ധമായി" എന്നും തർജിമ ചെയ്യാം (1 തിമൊ. 6:17; തിത്തൊ. 3:6: 2 പത്രൊ. 1:11) അർത്ഥം, "മുഴുവനായും," "പൂർണ്ണമായും," "തികെച്ചും." ആ സഹോദരന്മാരിൽ ക്രിസ്തുവിന്റെ വചനം സമൃദ്ധമായി വസിക്കണമായിരുന്നു, അവരുടെ മനസിൽ അതിനു സ്ഥാനം

വേണമെന്നർത്ഥം. ലൗകിക ചിന്തകൾ അവരുടെ ഉള്ളിൽ നിറഞ്ഞാൽ ദൈവ വചനത്തിന് സ്ഥാനം ഉണ്ടായിരിക്കുകയില്ല. വചനം ഐശ്വര്യമായി അവരിൽ വസിപ്പാനും പൗലൊസ് ഇച്ഛിച്ചു-അതായത്, അളവിൽ മാത്രമല്ല, ഗുണത്തി ലും. യേശുവിന്റെ ധനത്തിന്റെ മുത്ത് അവരുടെ പാട്ടിന്റെ ശബ്ദത്തിൽ കൂടെ ഉയർന്നു കേൾക്കണം.

കൊലൊസ്യർക്ക് അപ്പോൾ യേശുവിന്റെ വചനം മുഴുവൻ എഴുതി കിട്ടി യിരിക്കയില്ല. ക്രിസ്തുവിന്റെ വചനങ്ങൾ വെളിപ്പെട്ടു കിട്ടുവാൻ, പരിശു ദ്ധാത്മ ശ്വാസിയരായി സംസാരിച്ചിരുന്നവരെ ആശ്രയിക്കുവാനേ അവർക്ക് നിർവ്വാഹമുണ്ടായിരുന്നുള്ളു (എഫെ. 3:3-5). അവരെ അത് ഓർമ്മിക്കുവാൻ സഹായിച്ചിരുന്ന ഒരു വഴി, പാട്ടായി പാടുകയായിരുന്നു. സ്വരച്ചേർച്ച കൂടാതെ ആളുകൾക്ക് ആയിരക്കണക്കിന് വരികൾ ഓർമ്മിക്കുക പ്രയാസമായിരുന്നു. പാട്ടുകളിലെ ആശയങ്ങളെ ചിന്തിച്ച്, പാട്ടുകൾ പാടുമ്പോൾ അത് കേൾക്കു കയും ശ്രദ്ധിക്കുകയും ചെയ്യുന്നതിനാൽ, അവരുടെ മനസിൽ അവ ഐശ്വ ര്യമായി പതിയും. പഴയ നിയമത്തിനു പകരം കൊലൊസ്യർ പുതിയ നിയമം ആയ യേശുവിന്റെ ഉപദേശത്തിലായിരുന്നു ശ്രദ്ധിക്കേണ്ടിയിരുന്നത്. ആരംഭ സഭ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലായിരുന്നു തുടർന്നു വന്നിരുന്നത് (പ്രവൃ. 2:42), യേശുവിന്റെ വചനങ്ങളെല്ലാം അവർ പരിശുദ്ധാത്മാവിന്റെ സഹായത്താൽ നേരിട്ട് പഠിപ്പിച്ചിരുന്നു (യോഹ. 14:26; 16:13).

### "സകല ജ്ഞാനത്തോടുംകൂടെ തമ്മിൽ പഠിപ്പിച്ചും" (3:16)

ക്രിസ്തുവിന്റെ വചനം അവരിൽ വസിക്കുകയും, അത് അവരുടെ പാട്ടിൽ പ്രതിഫലിപ്പിക്കുകയും ചെയ്താൽ, ക്രിസ്ത്യാനികൾക്ക് പ്രാധാന്യമുള്ള പഠി പ്പിക്കുന്നതിനാവശ്യമായ **ജ്ഞാനം** (*സോഫിയാ*) ലഭിക്കും. ഈ ലേഖനത്തിൽ പൗലൊസ് ജ്ഞാനം എന്ന വാക്ക് ആറു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (1:9, 28; 2:3, 23; 3:16; 4:5). കൊരിന്ത്യർക്കെഴുതിയ ലേഖനത്തിൽ, ലോകജ്ഞാനവും ശരി യായ ജ്ഞാനവും തമ്മിലുള്ള അന്തരം അവൻ വ്യക്തമാക്കി (1 കൊ. 1:17-2:13). കൊലൊസ്യർ വചനം പറയുന്നതു മാത്രം മനസിലാക്കിയാൽ പോരായിരുന്നു, എന്നാൽ അത് ജ്ഞാനത്തോടെ കൈകാര്യം ചെയ്തു സഭയുടെ ഗുണത്തിനാ യി ഉപയോഗിക്കുകയും വേണമായിരുന്നു.

കുഴപ്പിക്കുന്ന ദുരുപദേഷ്ടാക്കന്മാരുടെ ഉപദേശത്തിനു പകരം, കൊലൊ സ്യർക്ക് യേശുവിന്റെ ഉപദേശത്തിലെ നിർമ്മലതയും പൂർണ്ണതയും കാണു വാൻ കഴിയുമായിരുന്നു. അതിനെ മോടി പിടിപ്പിക്കേണ്ട ആവശ്യമില്ല, കാ രണം കേൾവിക്കാരന്റെ ആത്മിയാവശ്യങ്ങളെല്ലാം അതിൽ അടങ്ങിയിട്ടുണ്ട്. യേശുവിന്റെ സംസാരവാക്കുകൾ മുഖാന്തരവും (യോഹ. 12:49, 50) എഴുത പ്പെട്ട വചനത്താലുമായിരുന്നു (1 കൊ. 14:37; 1 യോഹ. 1:1-4) ദൈവത്തിന്റെ സത്യം വെളിപ്പെടുത്തിയത്. യേശുവിന്റെ ഉപദേശം മുഴുവനായും അറിയുന്നത് അവന്റെ വചനം മുഖാന്തരം മാത്രമാണ്.

"സകല ജ്ഞാനവും" എന്നത് ഒന്നുകിൽ "നിങ്ങളിൽ വസിക്കും" അല്ലെ ങ്കിൽ **അന്യോന്യം പഠിപ്പിക്കും**. ആദ്യം പറഞ്ഞത് എടുക്കുകയാണെങ്കിൽ, കൊലൊസ്യർ ദൈവവചനം അവരുടെ ജിവിതത്തിൽ ശരിയായി കൈകാര്യം ചെയ്യണമായിരുന്നു എന്നു കരുതാം. മിക്ക പണ്ഡിതന്മാരും വ്യാഖ്യാതാ ക്കളും ഇഷ്ടപ്പെടുന്ന രണ്ടാമത്തെ വീക്ഷണം എടുത്താൽ, ക്രിസ്തുവിന്റെ

ജ്ഞാനം കൊലൊസ്യർ എല്ലാവരേയും പഠിപ്പിക്കയും പ്രബോധിപ്പിക്കുകയും ചെയ്യണമായിരുന്നു (2:3).

"പഠിപ്പിക്കുക" (*ഡിഡാക്കോണോസ്*) എന്നു പറഞ്ഞാൽ നിർദ്ദേശം മുഖാന്തരം വിദ്യാഭ്യാസം നടത്തുക എന്നാണ്. "പ്രബോധിപ്പിക്കുക" (*നൗതെടൗനെസ്*) സൂചിപ്പിക്കുന്നത് നടത്തിപ്പ്, അല്ലെങ്കിൽ ശരിയല്ലാത്ത സ്വഭാവത്തിനു കൗൺസലിങ്ങ് നടത്തി മറ്റുള്ളവരെ ജ്വലിപ്പിച്ച് അവരുടെ ആത്മിയ വളർച്ചക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുക എന്നാണ്. ക്രിസ്ത്യാനികൾ പാട്ടു പാടുന്നതിനാൽ അന്യോന്യം ഉത്തേജിപ്പിക്കയും പഠിപ്പിക്കയുമാണ് ചെയ്യുന്നത്.

നിർദ്ദേശങ്ങളിൽകൂടെ നയിക്കുന്ന പ്രവൃത്തിയാണ് പാട്ട് പാടുന്നത്, അതിലെ വാക്കുകൾ മറ്റുള്ളവരിലേക്കും ദൈവത്തിലേക്കും നമ്മെ നയിക്കുന്നവയാണ്. പാട്ട് മറ്റുള്ളവരെ പഠിപ്പിക്കുവാനും പ്രബോധിപ്പിക്കുവാനുമുള്ളതാകയാൽ, അത് ക്രിസ്തീയ സമൂഹത്തിൽ പങ്കിടുവാനുള്ളതാണ്. അത് വ്യക്തികൾ തമ്മിലും ദൈവവുമായും ആശയവിനിമയം നടത്തുവാനുപകരിക്കുന്നതുമാണ്. രണ്ടിലും സമതുലനാവസ്ഥ ആവശ്യപ്പെടുന്നു. മുകളിൽ പറഞ്ഞവയിൽ ഏതെങ്കിലും ഒന്നിനു കൂടുതൽ ഊന്നൽ കൊടുത്താൽ പാട്ട് പാടുന്നതിന്റെ ഉദ്ദേശം ഇല്ലാതാകും.

"തമ്മിൽ" എന്നു പറയുന്നത്, പൊതു പ്രയോജനത്തിനായി, ക്രിസ്തുവിന്റെ വാക്കുകൾ അന്യോന്യം പങ്കിടുന്ന സമൂഹമാണ്. പീറ്റർ ടി. ഓബ്രിയെൻ എഴുതി,

> എങ്ങനെയായാലും, ഇവിടെ തമ്മിൽ പഠിപ്പിക്കയും പ്രബോധിപ്പിക്കയും ... ചെയ്യുന്നത് ഇടവകയിലെ അംഗങ്ങളെയാണ്, (*ഹീയുടൗസ* "നിങ്ങൾ" എന്നത് വാസ്തവത്തിൽ *അല്ലേലസ്* എന്നതിൽനിന്നു വ്യത്യസ്തമല്ല, "തമ്മിൽ" എന്നത് "അന്യോന്യം" എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് ...).[6]

3:16 ലും എഫെസ്യർ 5:19 ലും പറയുന്ന പാട്ട് ആരാധനയിൽ ക്രിസ്ത്യാനികൾ പാടുന്നതല്ല, വ്യക്തികൾ രഹസ്യമായി പാടുന്നതാണ് എന്ന് ചിലർ പറഞ്ഞിട്ടുണ്ട്, എന്നാൽ എഫ് എഫ്.ബ്രൂസ് അതിനെ നിഷേധിച്ചിരിക്കുകയാണ്:

> "നിങ്ങളിൽ" എന്നതിന്റെ അർത്ഥം "നിങ്ങൾക്ക് ഉള്ളിൽ" (വ്യക്തികളായ ക്രിസ്ത്യാനികൾ) ആണോ അല്ലെങ്കിൽ "നിങ്ങൾക്ക് ഇടയിൽ" (ക്രിസ്തീയ സമൂഹമായി) എന്നാണോ? ഒരുപക്ഷെ [പൗലൊസ്] രണ്ടു മോശമായവയിൽ ഏതെങ്കിലും ഒന്നു സ്വീകരിക്കണമെന്നാണ് ഉദ്ദേശിച്ചതെങ്കിൽ പോലും, ആ രണ്ട് വ്യത്യാസങ്ങളെയും ചുണ്ടിക്കാണിക്കുവാനായിരിക്കയില്ല ഉദ്ദേശിച്ചത്. ക്രിസ്തീയ സന്ദേശം പ്രഖ്യാപിക്കുന്നതിനാണ് ഏറിയ സാധ്യത എന്നിരിക്കെ ക്രിസ്ത്യാനികൾ കൂടി വരുമ്പോൾ ഉപദേശിക്കുന്നതും പ്രബോധിപ്പിക്കുന്നതും അതാണ്.[7]

ഈ വാക്യത്തിലേത് സഭ കൂടി വരുമ്പോൾ ചെയ്ത പ്രവൃത്തിയായിട്ടാണ് വിലയിരുത്തിയതെന്നതിനോട് എഡ്വേർഡ് ലോഹ്സ് സമ്മതിച്ചിരിക്കുന്നു. "ശരിയായ സ്തോത്രം ആണ് വാക്യം 15 ഉത്തേജിപ്പിക്കുന്നനത്, അത് വചനം കേൾക്കുന്നതിനാലും സമൂഹം പാടുന്ന പാട്ടുകളാലും ദൈവത്തെ മഹത്വപ്പെ

ടുത്തുകയാണ്."[8]

പ്രാരംഭ സഭയുടെ യോഗങ്ങളിൽ, ആരാധനയുടെ പ്രധാന ഭാഗമായിരുന്നു പാട്ട് പാടൽ. പ്ലിനി ദ യങ്ങർ (ഗായിയസ് പ്ലിനിയസ് സീസിലിയസ് സെക്കന്റ്സ് ഏകദേശം ഏ. ഡി. 61–ൽ ജനിച്ചു) ക്രിസ്ത്യാനികളോടുകൂടെ തന്നെ നേരിട്ടവർക്ക് എഴുതി, റോമാ ചക്രവർത്തിയായിരുന്ന ട്രാജന് എഴുതിയപ്പോൾ, താൻ ക്രിസ്ത്യാനികളെ കണ്ടപ്പോൾ അവരോട് എങ്ങനെ പെരുമാറി എന്നു പറയുന്നു. ക്രിസ്തീയ കൂടിവരവിൽ സംഭവിച്ചിരുന്ന കാര്യങ്ങൾ ഒരു അ–ക്രൈസ്തവൻ വിവരിക്കുന്നത് ആ പ്രസ്താവനകളിൽ കാണാം. ക്രിസ്തീയ പ്രവൃത്തികൾ ക്രിസ്ത്യാനികൾ കൂടിവരുമ്പോൾ എന്തായിരുന്നു എന്നു വ്യക്തമാക്കുകയാണ്. ഏകദേശം ഏ. ഡി. 110 ൽ ആണ് അദ്ദേഹം എഴുതിയത് "അവർ ആഴ്ച്ചയിൽ പ്രകാശം ഉള്ളപ്പോൾ, ഒരു ദിവസം കൂടിവരുന്ന സ്വഭാവക്കാരായിരുന്നു. അവർ ഒരു ദേവന് എന്നപോലെ, ക്രിസ്തുവിനോട് ഒന്നിടവിട്ട വരികളായി പാട്ട് പാടിയിരുന്നു...."[9] അത് ചരിത്രപരമായ തെളിവ് ക്രിസ്ത്യാനികൾക്ക് പുറത്തുള്ള എഴുത്തുകളിൽ പറയുന്നതാണ്,അവർ ആരാധനക്കിടയിൽ പൗലൊസ് ഈ വേദഭാഗത്ത് ആവശ്യപ്പെട്ടതുപോലെ, പാട്ട് പാടിയിരുന്നു (3:16).

### "സങ്കീർത്തനങ്ങളാലും, സ്തുതികളാലും ആത്മിക ഗീതങ്ങളാലും" (3:16)

**സങ്കീർത്തനങ്ങളാലും ആത്മിക ഗീതങ്ങളാലും** (കൂടാതെ എഫെ. 5:19 ലും പറഞ്ഞിരിക്കുന്നു) ആണ് ആരംഭ സഭ പാടിയിരുന്നത്. മൂന്നും തമ്മിൽ കൃത്യമായ വ്യത്യാസം എടുത്തുകാണിക്കുക വിഷമമാണെന്ന് വ്യാഖ്യാതാക്കൾ സമ്മതിക്കും. ആ വാക്കുകളെ പാട്ടിന്റെ വിവിധ രൂപത്തിൽ വിവരിക്കാവുന്നതാണ്. "സങ്കീർത്തനങ്ങൾ" (*സാൽമോയി*) എന്നു പറയുന്നത് പഴയനിയമത്തിലെ സങ്കീർത്തന പുസ്തകങ്ങൾ അല്ലെങ്കിൽ യെഹൂദ സങ്കീർത്തന മാതൃകയെയാണ് സൂചിപ്പിക്കുന്നതെന്ന് ചിലർ പറയുന്നു. "സ്തുതികൾ" (*ഹുംനോയി*) എന്നു പറയുന്നത് ക്രിസ്തീയ രചയിതാക്കൾ രൂപപ്പെടുത്തിയ സ്തുതിഗാനങ്ങളാണ്. "ആത്മിയ ഗീതങ്ങൾ" ആരംഭ സഭ ഗാനശൈലിയായി എടുത്ത വിശുദ്ധ ഗീതങ്ങളാണ്. "പാട്ടുകൾ" (*ഒഡായി*) എന്നു പറയുമ്പോൾ, അത് മതപരമാകണമെന്നില്ല, എന്നാൽ പാടേണ്ട പാട്ടുകൾ ഏതു വിധത്തിലുള്ളതായിരിക്കണമെന്ന് പൗലൊസ് നിഷ്ക്കർഷിച്ചിരുന്നു; അവ മതപരവും "ആത്മിയ" സ്വഭാവവുമുള്ളതായിരിക്കണം. ഓബ്രിയെൻ തീർച്ചപ്പെടുത്തി പറഞ്ഞു,

> ആ വാക്കുകളിൽനിന്നും ഉറപ്പായ വ്യത്യാസങ്ങൾ മനസിലാക്കുവാനോ അല്ലെങ്കിൽ പുതിയനിയമ ഗീതങ്ങളുടെ വാക്കുകളനുസരിച്ച് അവ തരം–തിരിക്കുവാനോ സാധ്യമല്ല ... പക്ഷെ ആ മൂന്നു വാക്കുകളായ "സങ്കീർത്തനങ്ങൾ," "സ്തുതികൾ" "ആത്മിക ഗീതങ്ങൾ" ഒരുമിച്ച് എടുത്താൽ, ആത്മാവ് പ്രചോദിപ്പിക്കുന്ന "പാട്ടുകളുടെ മുഴുവൻ ശൈലിയും ഉൾക്കൊള്ളുന്നതാണ്." സമൂഹത്തിലെ അംഗങ്ങളിൽ ക്രിസ്തുവിന്റെ വചനം വസിക്കുന്നതിനാൽ ആത്മ–ശ്വാസീയമായ സങ്കീർത്തനങ്ങളാലും, സ്തുതികളാലും അവർക്ക് നിയന്ത്രിച്ച് പാട്ടിലൂടെ പഠിപ്പിക്കുവാൻ കഴിയുന്നു....[10]

**“നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ പാടിയും” (3:16)**

**പാട്ട് പാടൽ** (*അഡോണ്ടെസ്*) ആരാധകർ **ഹൃദയങ്ങളിലാണ്** (*കാർഡിയായി*) **ദൈവത്തോട്** പാടേണ്ടത്, **നന്ദി** [കാരിസ്] യോടുകൂടെയാണ് നടത്തേണ്ടത്. അതിന് ഏകദേശം സമാന്തരമായ വേദഭാഗത്ത് (എഫെ. 5:19) പൗലൊസ് എഴുതിയത് “നിങ്ങളുടെ ഹൃദയങ്ങളിൽ (*സാലോണ്ടസ്*) കർത്താവിന്നു പാടിയും” (*അഡോണെസ്*) എന്നാണ്. *സാലോ*യുടെ അർത്ഥവും, *സാൽമോസി*ന്റെ സമാനഗുണമുള്ള ക്രിയ “സങ്കീർത്തനങ്ങളുടെ” അർത്ഥവും തമ്മിൽ ചില തർക്കങ്ങൾ നിലവിലുണ്ട് (ഈ പുസ്തകത്തിൽ കാണുന്ന “കൂടുതൽ പഠനത്തിന്: സാലോയുടെ അർത്ഥം” എന്നത് നോക്കുക.)

തങ്ങൾ ചെയ്യുന്നതെല്ലാം “നന്ദിയോടു” കൂടെ ചെയ്യുവാൻ തൊട്ടടുത്ത വാകൃത്തിൽ പൗലൊസ് കൊലൊസ്യരോട് പറഞ്ഞിരിക്കയാൽ, ജെ. ബി. ലൈറ്റ്ഫുട്ട് തീർച്ചയാക്കിയത് മനസിലാക്കേണ്ടത് “ ‘സ്വീകാര്യത,’ ‘മാധുര്യം’ ”[11] എന്നാണ്, അത് ആ വാക്കിന്റെ പ്രാഥമികമായ അർത്ഥത്തോട് യോജിക്കുന്നതാണ്. അത് കെജെവിയിലും എൻകെജെവിയിലും തർജിമ ചെയ്തിരിക്കുന്നത് “കൃപ” എന്നാണ്, പക്ഷെ മറ്റു തർജിമകളിൽ “സ്തോത്രം,” അല്ലെങ്കിൽ “നന്ദി” എന്നാണ് (ആർഎസ്‌വി; എൻആർഎസ്‌വി; 1977 എൻഏഎസ്ബി; എൻഐവി; ടിഎൻഐവി), *കാരിസ്* എന്ന വാക്കിനു മറ്റു ഭാഗങ്ങളിൽ അർത്ഥം മാറ്റമുണ്ടെങ്കിലും, ഇവിടെ അർത്ഥം നന്ദി അല്ലെങ്കിൽ സ്തോത്രമാണ് എന്ന് തർജിമക്കാരും വ്യാഖ്യാതാക്കളും സമ്മതിക്കും, അതാണ് മറ്റു വേദഭാഗങ്ങളിൽ നിലനിർത്തിയിരിക്കുകയാണ്.

*കാരിസ്*, അതേ മൂല വാക്ക് “കൃപ” എന്നു 122 പ്രാവശ്യവും “നന്ദി” 3 പ്രാവശ്യവും, “സ്തോത്രം” 2 പ്രവാശ്യവും, “താങ്ക്സ്” എന്ന് 6 പ്രാവശ്യവും എൻഏഎസ്ബിയിൽ തർജിമ ചെയ്തിരിക്കുന്നു. നന്ദി ചെലുത്തുന്നതിന് എല്ലായ്പോഴും *കാരിസ്* എന്നു ഉപയോഗിച്ചിട്ടില്ലെങ്കിലും, യോജിക്കുന്ന വിധത്തിലാണ് അതിന്റെ അർത്ഥം ഉള്ളത് (റോമർ 6:17; 1 കൊ. 15:57; 2 കൊ. 2:14; 8:16; 9:15). അതിന്റെ പ്രാഥമികമായ അർത്ഥം, മനോഹാരിത എന്നാണ് ആകർഷിക്കുന്ന വശ്യത എന്നും, കരുണയും, ആനന്ദം എന്നും വിവരിക്കാം. ബന്ധങ്ങളെ സംബന്ധിച്ച് പറയുമ്പോൾ, അനർഹമായ ആനുകൂല്യം ആയി പറയാം. ചിലപ്പോൾ, പ്രത്യേക ആനുകൂല്യത്തിന് നന്ദി അഥവാ സ്തോത്രം പറയുന്ന അർത്ഥത്തിലും ഉപയോഗിച്ചിരിക്കുന്നു.

## എല്ലാം അവന്റെ നാമത്തിൽ ചെയ്യൽ (3:17)

**[17]വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിന്നു സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ.**

**“വാക്കിനാലോ ക്രിയയാലോ എന്തു**
**ചെയ്താലും സകലവും കർത്താവായ**
**യേശുവിന്റെ നാമത്തിൽ ചെയ്‌വിൻ” (3:17)**

പൗലൊസ് കൊലൊസ്യരോട് പ്രമാണിപ്പാൻ പറഞ്ഞതെല്ലാം അവർ ചെയ്യുക മാത്രമല്ല, [അവർ ചെയ്യുന്നതെല്ലാം] **വാക്കിനാലോ ക്രിയയാലോ, എന്തു ചെയ്താലും** അത് യേശുക്രിസ്തുവിന്റെ നാമത്തിലായിരുന്നു ചെയ്യേ

ണ്ടിയിരുന്നത്. **എല്ലാം** എന്നു പറഞ്ഞിരിക്കുന്നതിൽ നല്ല കാര്യങ്ങൾ മാത്രമാണ് ഉൾപ്പെടുന്നത്, അല്ലാതെ മോശമായ കാര്യങ്ങൾ അല്ല.

ക്രിസ്ത്യാനിത്വം സജീവമായ മതമാണ്. ക്രിസ്ത്യാനികൾ *അറിയുകയും പ്രവർത്തിക്കുകയും* വേണം (യാക്കൊ. 4:17), *വിശ്വസിക്കുകയും ചെയ്യുകയും* വേണം (യാക്കൊ. 2:24), *പറയുകയും ചെയ്യുകയും* വേണം (മത്താ. 23:3). എല്ലാവരേയും അവരുടെ വാക്കുകളാലും (മത്താ. 12:37), പ്രവൃത്തികളാലും വിധിക്കപ്പെടും (സഭാ. 12:14; മത്താ. 16:27; റോമർ 2:6; 2 കൊ. 5:10; 1 പത്രൊ. 1:17), അല്ലാതെ അവരുടെ അറിവും വിശ്വാസവും അനുസരിച്ചല്ല. അക്കാരണത്താൽ നാം പറയുന്നതും സൂക്ഷിക്കണം.

ഹൃദയം പ്രേരിപ്പിക്കുന്നതിനനുസരിച്ചാണ് ബാഹ്യപ്രകടനങ്ങൾ നടത്തുന്നത് (റോമർ 6:17), അതേ സമയം വിശ്വാസമാണ് ഒരാളെ പ്രവൃത്തിക്ക് പ്രചോദിപ്പിക്കുന്നത് (എബ്രാ. 11:4, 5, 7; യാക്കൊ. 2:14–26). ഒരു വ്യക്തിയുടെ ഭാഷയും ദേഷ്യവും, മനസലിവും, വെറുപ്പും, സ്നേഹവും, ദയയും, സങ്കടവും, സന്തോഷവും, മോഹവും, തെറ്റും, ശരിയും, ഗുണവും മറ്റും പ്രവർത്തിക്കുന്നതിന്റെ ഉറവിടം ഹൃദയമാണ്–അത് നല്ലതായാലും, മോശമായാലും ശരിയാണ് (മത്താ. 12:34–36). അതുകൊണ്ടാണ് ന്യായവിധി വാക്കുകളുടേയും പ്രവൃത്തികളുടേയും അടിസ്ഥാനത്തിലാക്കിയിരിക്കുന്നത്.

"എന്ത്," "എല്ലാം" എന്നീ വാക്കുകൾ ഒരേ മൂലവാക്കിൽനിന്നു വന്നതാണ്, എല്ലാം യേശുവിന്റെ അധികാരത്തിൽ ചെയ്യണം എന്നതിനാണ് ഊന്നൽ കൊടുത്തിരിക്കുന്നത്. **കർത്താവായ യേശുവിന്റെ** നാമത്തിൽ എന്ന പ്രയോഗത്തിന്റെ അർത്ഥം അതാണ്.

വില്യം ഹെൻഡ്രിക്സൺ ശരിയായി നിരീക്ഷിച്ചു,

> യേശു തന്നെ അവനെ വെളിപ്പെടുത്തിയതായിട്ടാണ് *നാമം* സൂചിപ്പിക്കുന്നത് എന്നു നാം പ്രത്യേകം ശ്രദ്ധിക്കണം. "നാമത്തിൽ" എന്നതിന്റെ അർത്ഥം, അതനുസരിച്ച്, "അവനോടുള്ള ശക്തമായ ബന്ധത്തിൽ," താൻ വെളിപ്പെടുത്തിയ ഹിതം അനുസരിച്ച്, അവന്റെ അധികാരത്തിന് കീഴ്പ്പെട്ട്, അവന്റെ ശക്തിയിൽ ആശ്രയിച്ച് എന്നാണ്.[12]

കൊലൊസ്യർ എല്ലാം "കർത്താവായ യേശുവിന്റെ നാമത്തിൽ" [എൻ] ചെയ്യണമായിരുന്നു. അതിനർത്ഥം, അവർ ചെയ്യുന്നതെല്ലാം, അവനെ ആദരിച്ച്, അവന്നു കീഴ്പ്പെട്ട്, യേശുവിനോടുള്ള ബഹുമാനം അനുസരിച്ച്, അവനെ പ്രതിനിധീകരിച്ച് വേണം ചെയ്യുവാൻ. യേശുവിന്റെ നാമത്തോടുള്ള ഈ മനോഭാവത്തിനും അതിനനുസരിച്ചുള്ള എല്ലാ പ്രവൃത്തികൾക്കും പ്രേരകമായ ശക്തി യേശു തന്നെയാണ്. അവയെല്ലാം അവന്റെ ഹിതത്തിനനുസരിച്ച് മാത്രമെ ചെയ്യാവു, അവന്റെ അധികാരത്തിനും ബഹുമാനത്തിനും വിരുദ്ധമായി ഒന്നും ചെയ്യുവാൻ പാടില്ലായിരുന്നു.

മനുഷ്യരുടെ അധികാരത്തിനനുസരിച്ചല്ല ക്രിസ്ത്യാനികളുടെ പ്രവൃത്തികൾ. മതപരമായ ഒരു ഉപദേഷ്ടാവ് ഒരു പരിശീലനം പരിചയപ്പെടുത്തിയാൽ, അതു തുടരുന്നവർ അത് പരിചയപ്പെടുത്തിയ വ്യക്തിയുടെ നാമത്തിലായിരിക്കും ചെയ്യുന്നത്. ആ പരിശീലനം യേശുവിന്റെ നാമത്തിൽ ചെയ്യുവാൻ സാധ്യമല്ല.

അധികാരത്തിൽ യേശു പരമോന്നതനാണ്. അവനെ "കർത്താവ്,"

"യേശു" അല്ലെങ്കിൽ "ക്രിസ്തു" എന്നാണ് വിളിച്ചിരിക്കുന്നത്. "കർത്താവ്" എന്ന പദം അധികാരത്തെയാണ് സൂചിപ്പിക്കുന്നത്, പിതാവിനേയും അങ്ങനെ പറയുന്നുണ്ട് (മത്താ. 4:7), യേശുവിനെയും അങ്ങനെ വിളിക്കുന്നു (1 കൊ. 8:6). പുതിയനിയമത്തിൽ "കർത്താവ്" എന്നു പറയുന്നത് പ്രാഥമികമായും യേശുവിനെയാണ്. "യേശു" എന്ന പേർ എബ്രായ ഭാഷയിൽ "യോശുവ" എന്നതിന്റെ, അർത്ഥം "യഹോവ രക്ഷിക്കുന്നു," അല്ലെങ്കിൽ "യഹോവ രക്ഷകൻ ആകുന്നു" എന്നാണ്. എബ്രായ ഭാഷയിൽ "മശിഹാ" എന്ന വാക്കിനു തുല്യമായ വാക്കാണ് "ക്രിസ്തു" എന്ന പേർ, അർത്ഥം "അഭിഷിക്തനായ രാജാവ്, പ്രവാചകൻ, പുരോഹിതൻ" എന്നാണ്.

യേശുവിന്റെ നാമത്തിൽ പറയുന്നതെല്ലാം അവനെ കുറിച്ചുള്ളതാണ്. അവനെ അവന്റെ നാമത്തിൽനിന്നു വേർതിരിക്കാവുന്നതല്ല. അവന്റെ നാമം മറ്റെല്ലാ നാമത്തെക്കാളും മേലായ നാമമാണ് (എഫെ. 1:21; ഫിലി. 2:9), അവൻ മറ്റെല്ലാവരേക്കാളും മീതെയുമാണ്. അവന്റെ നാമത്തിൽ സകല മുഴങ്കാലും മടങ്ങും (ഫിലി. 2:10). പൗലൊസ് യേശുവിന്റെ നാമത്തിൽ അപേക്ഷിച്ച് ചില കാര്യങ്ങൾ ആവശ്യപ്പെടുന്നു (1 കൊ. 1:10; 2 തെസ്സ. 3:6; 2 തിമൊ. 2:19), യേശുവിനോടുള്ള ബഹുമാനം നിമിത്തമായിരുന്നു അവൻ അങ്ങനെ ചെയ്തത്. 3:17 ൽ കൊലൊസ്യയിലുള്ളവർ തങ്ങളുടെ ജീവിതം "യേശുവിന്റെ നാമത്തിൽ" നയിക്കുവാനായിരുന്നു പൗലൊസ് അപേക്ഷിച്ചത്-അതായത്, യേശുവിന്റെ അധികാരത്തിലും അവൻ കർത്താവും പരമാധികാരിയുമാണെന്ന് തിരിച്ചറിഞ്ഞു പ്രവർത്തിക്കുവാനുമായിരുന്നു ആവശ്യപ്പെട്ടത്.

യേശുവിന്റെ അനുയായികളായി തീർന്നവരെ "ക്രിസ്ത്യാനികൾ" എന്നാണ് വിളിച്ചിരുന്നത്. ക്രിസ്ത്യാനികളായ നമ്മെ അവൻ "തന്റെ സ്വന്ത രക്തത്താലാണ് വിലക്കു വാങ്ങിയത്" (വെളി. 1:5). നാം അവന്റെ ദാസന്മാരായി തീർന്നിരിക്കുകയാണ് (1 കൊ. 7:22; എഫെ. 6:6), അവനെ മഹത്വപ്പെടുത്തുകയും വേണം (1 കൊ. 6:20). എല്ലാം അവന്റെ നാമത്തിൽ ചെയ്യുമ്പോൾ നാം അവനെ മഹത്വപ്പെടുത്തുകയാണ്-അതായത്, അവൻ നമ്മുടെ കർത്താവ് ആകയാൽ-അവന്റെ ഇഷ്ടപ്രകാരം ചെയ്യുന്നു. നാം ക്രിസ്ത്യാനികളാകുമ്പോൾ, അവന്റെ നാമം ആണ് സ്വീകരിക്കുന്നത് (പ്രവൃ. 2:21; റോമർ 10:13) അപ്പോൾ നാം കർത്താവായ അവനോട് പ്രതികരിക്കുന്നു (മത്താ. 7:21; ലൂക്കൊ. 6:46; പ്രവൃ. 22:16). നാം ക്രിസ്തുവിനുള്ളവരാകയാൽ, തുടർച്ചയായി അവന്റെ ഇഷ്ടപ്രകാരം അവന്റെ നാമത്തിൽ, അവനെ സേവിക്കുകയും ചെയ്യണം.

### "അവൻ മുഖാന്തരം പിതാവായ ദൈവത്തിന്നു സ്തോത്രം ചെയ്യുകയും" (3:17)

കൂടാതെ നാം ചെയ്യുന്നതിലെല്ലാം ദൈവത്തിനു **സ്തോത്രം** ചെയ്യുകയും വേണം. "സ്തോത്രം" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് (*യുക്കാരിസ്റ്റെയോ*), അതിൽ *കാരിസ്* എന്നതിൽ ("കൃപ"), നന്ദിയും സ്തോത്രവും ഉൾപ്പെടുന്നു (3:16 നോക്കുക). പൗലൊസ് അതേ വാക്ക് 1:3, 12 ലും മറ്റു ഭാഗങ്ങളിൽ വിവിധ രൂപത്തിലും ഉപയോഗിച്ചിട്ടുണ്ട് (2:7; 3:15, 16, 17; 4:2). അപ്പവും മീനും കൊണ്ട് നാലായിരം പേരെ യേശു പോഷിപ്പിക്കുന്നതിനു മുൻപ് ദൈവത്തോട് പ്രാർത്ഥിച്ചതിനെ പറയുവാനാണ് *യൂക്കാരിസ്റ്റെയോ* ഉപയോഗിച്ചത് (മത്താ. 15:36) കർത്തൃമേശ സ്ഥാപിച്ചുകൊടുത്തപ്പോൾ പ്രാർത്ഥിച്ചത് പറയുന്നതിനും ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു (മത്താ. 26:27). മറ്റു വേദഭാഗങ്ങളിൽ,

ദൈവത്തോടുള്ള പ്രാർത്ഥനയിലും പലപ്പോഴും കാണാം (യോഹ. 11:41; പ്രവൃ. 27:35) അല്ലെങ്കിൽ നന്ദിപ്രകടന പ്രയോഗങ്ങളിലും (1 കൊ. 1:14; 14:18).

മൂന്ന് നിരോധന ഉത്തരവ് പൗലൊസ് 3:15-17 ൽ നൽകിയിട്ടുള്ളതിനോട് കൊലൊസ്യർ നന്ദിയോടുകൂടെ പറ്റിച്ചേർന്നിരിക്കണമായിരുന്നു. ക്രിസ്തുവിന്റെ സമാധാനം നന്ദിയോടുകൂടെ അവരുടെ ഹൃദയങ്ങളിൽ വാഴുവാൻ അവർ അനുവദിക്കുകയും (വാ. 15); പാടുകയും ക്രിസ്തുവിന്റെ വചനം അവരിൽ നന്ദിയോടെ വസിക്കുവാൻ അനുവദിക്കുകയും (വാ. 16); സ്തോത്രത്തോടെ എല്ലാം കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്യുകയും വേണമായിരുന്നു (വാ. 17). എല്ലാറ്റിനും എല്ലായ്പോഴും നന്ദി കരേറ്റുവാൻ കൊലൊസ്യർക്ക് കാരണം ഉണ്ടായിരുന്നു. നമ്മുടെ "കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു എല്ലായ്പോഴും എല്ലാറ്റിന്നു വേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ" എന്നാണ് പൗലൊസ് പറഞ്ഞത് (എഫെ. 5:20).

**അവൻ മുഖാന്തരം** എന്നു പറയുമ്പോൾ, അവർ യേശു മുഖാന്തരമാണ് **പിതാവായ ദൈവത്തോട്** പ്രാർത്ഥിക്കുകയും, സ്തുതിക്കുകയും, ആരാധിക്കുകയും, സ്തോത്രം ചെയ്യുകയും ചെയ്യേണ്ടത് എന്നാണ് പൗലൊസ് അർത്ഥമാക്കിയത്. ക്രിസ്ത്യാനികൾക്കുള്ള ഏക മദ്ധ്യസ്ഥൻ യേശു മാത്രമാണ് (1 തിമൊ. 2:5) പിതാവിനെ നമസ്ക്കരിക്കേണ്ടത് യേശു മുഖാന്തരമാണെന്ന് പൗലൊസ് മറ്റു ഭാഗങ്ങളിലും പറഞ്ഞിരിക്കുന്നു (റോമർ 1:8; 7:25; 16:27; 2 കൊ. 1:20).

## കൂടുതൽ പഠനത്തിന്

### *സാലോ* യുടെ അർത്ഥം

എഫെസ്യർ 5:19-ൽ, പൗലൊസ് സഹോദരന്മാരോട് പറഞ്ഞു "സങ്കീർത്തനങ്ങളാലും, സ്തുതികളാലും, ആത്മികഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവിന്നു പാടിയും [*അഡോണെസ്*] കീർത്തനം [*സാലോണ്ടെസ്*] ചെയ്തും ഇരിപ്പിൻ."

*സാലോ* അർത്ഥമാക്കുന്നത് സ്വരച്ചേർച്ചയിൽ അഥവാ പാട്ട് പാടുക എന്നാണ്. ചില തർജിമകളിൽ ഉദാഹരണമായി ഉയർന്ന രീതിയിൽ ബഹുമാനിക്കുന്ന ലെക്സിക്കനിൽ[13] ആ വാക്കിന്റെ നിർവ്വചനത്തിൽ ഉപകരണങ്ങൾ ഉപയോഗിച്ച് എന്നുകൂടെ ചേർത്തിരിക്കുന്നത്, ശരിയല്ല. തിരുവെഴുത്ത് എഴുതിയിരിക്കുന്നത് *കൊയിനെ*യിലാണെന്ന ("സാധാരണ") കാര്യം അങ്ങനെ നിർവ്വചിക്കുന്നവർ അവഗണിച്ചിരിക്കുകയാണ്, അല്ലാതെ ക്ലാസിക്കൽ ഗ്രീക്കിൽ അല്ല. ബാവർ ഇങ്ങനെ പറഞ്ഞു, എഫെസ്യർ 5:19 ലെ *സാലോ*യുടെ അർത്ഥം "... പാട്ടു പാടി എന്നാണ് നന്നായി മനസിലാക്കുന്നത്"[14] ആ വാക്ക് 1 കൊരിന്ത്യർ 14:15 ലും, യാക്കൊബ് 5:13 ലും "പാടി സ്തുതിക്കുക" എന്നു പറഞ്ഞു നന്നായി നിർവ്വചിച്ചിരിക്കുന്നു.

### ക്രിസ്തീയാരാധനയിലെ സംഗീതം

ആരാധനയിലെ സംഗീത്തെ സംബന്ധിച്ച് ദൈവം എന്താണ് ആവശ്യപ്പെടുന്നത്?

(1) *നമ്മോട് "പാട്ട് പാടുവാനാണ്"* ദൈവം ആവശ്യപ്പെടുന്നത്. പുതിയ നിയമത്തിൽ നമ്മോട് നിർദ്ദേശിച്ചിരിക്കുന്നത് "പാട്ട് പാടുവാൻ" അല്ലെങ്കിൽ

“ഹൃദയത്തി [ൽ] പാടുവാൻ” ആണ് (*സാലോ*; റോമർ 15:9; 1 കൊ. 14:15; യാക്കൊ. 5:13; എഫെ. 5:19). *സാൽമോസ്* എന്ന ഗ്രീക്ക് നാമത്തോടുകൂടി ഉപകരണങ്ങളുടെ അകമ്പടിയോടെ എന്നു ചേർക്കേണ്ടത് ആവശ്യമണെന്ന് ചിലർ പറയുന്നു. ഏ. ടി. റോബർട്ട്സൺ എഴുതി, “ ‘സങ്കീർത്തനം’ എന്ന ആശയം ഉപകരണങ്ങളോടുകൂടിയ സംഗീതത്തിലേക്കാണ് നയിക്കുന്നത്,”[15] എന്നാൽ അത്തരം തീർപ്പിനു തെളിവില്ല. മറ്റു വ്യാഖ്യാതാക്കളും *സാലൊയ*യുടെ അർത്ഥത്തിൽ ഉപകരണങ്ങളോടുകൂടിയ സംഗീതം എന്നും നൽകുന്നു. എങ്ങനെയായാലും, മുൻനിരയിലുള്ള വ്യാഖ്യാതാക്കൾ അതിനോട് വിയോജിക്കുകയാണ്.

*ന്യു ഇന്റർനാഷ്ണൽ ഡിക്ഷ്ണറി ഓഫ് ന്യു ടെസ്റ്റമെന്റ്* “സാലോ” എന്ന വാക്ക് നിർവ്വചിക്കുന്നതിൽ ഒരു പാട്ട് അല്ലെങ്കിൽ ആത്മിക ഗീതങ്ങൾ എന്നാണ് അതിൽ ഉപകരണങ്ങൾ ചേർത്തിട്ടില്ല: “*സാൽമോസ്*, ഒരു വിശുദ്ധ ഗീതം, സങ്കീർത്തനം; *സാലോ* പാടുക (കീർത്തനം അല്ലെങ്കിൽ സ്തുതി).”[16] അതിൽ താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനയും കാണാം: “*സാൽമോസ്* കൂടുതലും സ്തുതി ഗാനങ്ങൾ പാടുന്നതും, സാലോ, ആത്മിക ഗീതങ്ങൾ അഥവാ വിശുദ്ധ ഗീതങ്ങൾ പാടുന്നതുമാണ്.”[17]

പുതിയനിയമത്തെ കുറിച്ച് അനേക ഭാഗങ്ങളുള്ള വേദശാസ്ത്ര ഡിക്ഷ്ണറി സങ്കീർത്തനത്തെ ഒരു കീർത്തനം അല്ലെങ്കിൽ ആത്മിക ഗീതത്തിനു തുല്യമായ ആശയമാണ് നൽകുന്നത്, അതുകൊണ്ട് അതിൽ ഉപകരണസംഗീതം എന്ന വാക്ക് ഉൾപ്പെടുത്തിയിട്ടില്ല. അതിൽ “ഗ്രീക്ക്.-പറയുന്നത് യെഹൂദ മതം തീർച്ചയായും, പൊതുവിൽ *ഹുംനോസും* [കീർത്തന] വും *സാൽമോസും* [സാം] അല്ലെങ്കിൽ *ഒഡേ* [പാട്ട്] എന്നാണ്.”[18]

അതിനു പുറമെ ഓബ്രിയെൻ എഴുതി,

> ... *സാലോയ*ുടെ മൂല അർത്ഥത്തിന്റെ അടിസ്ഥാനത്തിൽ, “[മുടി] പിഴുക,” “സ്വരം” കമ്പി-മീട്ടുക, പിന്നെ വീണ അല്ലെങ്കിൽ കമ്പിയുള്ള ഏതൊരു ഉപകരണവും “മീട്ടുക.” കമ്പിയുള്ള ഒരു ഉപകരണത്താൽ പാടുന്ന ഗീതമായിരിക്കണം സങ്കീർത്തനം എന്നാണ് ചിലർ കരുതുന്നത്; എന്നാൽ അത്തരം നിഷ്ക്കർഷത ഇല്ല....[19]

മാർവിൻ ആർ. വിൻസെന്റ് ഗ്രീക്ക് വാക്ക് *സാൽമോസ്* (“സങ്കീർത്തനങ്ങൾ”) *സാലോയ*ിൽ ആർട്ടിക്കിൾ ഉപയോഗിച്ചതിനെ കുറിച്ച് പറഞ്ഞു,

> നാമമായ *സങ്കീർത്തനങ്ങൾ* (എഫെ. 5:19; കൊലൊ. 3:16; 1 കൊ. 14:26), പദോദ്പത്തി വിഷയമായി ആ ക്രിയയോട് ബന്ധപ്പെട്ടാണ്, പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്, പൊതുവിൽ മതപരമായ പാട്ടു പാടുന്നതായിട്ടാണ്, അത് പഴയനിയമ സങ്കീർത്തന സ്വഭാവത്തിലുള്ളതാണ്; മത്താ. 26:30 ലും, മർ. 14:26 ലും *ഹുംനെയോ* ഉപയോഗിച്ചിരിക്കുന്നുവെങ്കിലും, നമ്മുടെ കീർത്തനങ്ങൾ പഴയ-നിയമ സങ്കീർത്തനങ്ങൾ ഉപയോഗിക്കുന്നു ... ഇവിടെ ക്രിയ സൂചിപ്പിക്കുന്നത് ഉപകരണങ്ങൾ ഉപയോഗിച്ചു പാടുന്നതാണെന്ന് ചിലർ വിശ്വസിക്കുന്നു. സെപ്ത്വജിന്റിൽ ആ വാക്കിന്റെ മുഖ്യ ഉപയോഗം ആ അർത്ഥത്തിലാണ് ... സംഗീതത്തെ കുറിച്ചു വർണ്ണിക്കുന്ന ക്രിസോസ്റ്റമോ, ആംബ്രോസോ, ബേസിലോ ഉപകരണത്തെ കുറിച്ചു പറയുന്നില്ല, ബേസിൽ ഉപകരണം ഉപയോ

> ഗിക്കുന്നതിനെ കുറ്റപ്പെടുത്തുകയാണ് ചെയ്തത്. ബിൻഗാം ചുരുക്കി ആ കാര്യത്തെ തള്ളിക്കളഞ്ഞിരിക്കുന്നു, ജസ്റ്റിൻ മാർട്ടിർ വ്യക്തമായി പറഞ്ഞത്, ക്രിസ്തീയ സഭയിൽ ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നില്ല എന്നാണ്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ക്രിയ പൊതുവിൽ സ്തുതി ഗീതങ്ങൾ പാടുന്നതായിട്ടാണ് പറഞ്ഞിരിക്കുന്നത്.[20]

വിൻസെന്റ് പറഞ്ഞതനുസരിച്ച്, പ്രാരംഭ സഭ പാടിയത് ഉപകരണങ്ങളുടെ സഹായം കൂടാതെയാണ് എന്നത്രെ. സങ്കീർത്തനങ്ങൾ പാടുമ്പോൾ, അദ്ദേഹത്തിന്റെ കാഴ്ച്ചപ്പാടനുസരിച്ച് ഉപകരണങ്ങൾ ഉപയോഗിക്കാം എന്നാണ്.

പഴയനിയമ കാലത്തെ ആരാധനയിൽ പല രീതിയിലുള്ള ഉപകരണങ്ങൾ പാട്ടു പാടുന്നതോടുകൂടെ ഉപയോഗിച്ചിരുന്നു എങ്കിലും, സഭ ആരംഭിച്ചതു മുതൽ, ക്രിസ്ത്യാനികൾ വാമൊഴിയായി മാത്രമാണ് പാടിയത്, അല്ലെങ്കിൽ ഉപകരണങ്ങൾ കൂടാതെയാണ് പാടിയത് എന്നർത്ഥം.

> ഒരു സമയത്തേക്ക്, അതായത് പതിനാറാം നൂറ്റാണ്ട് വരെ സഭയുടെ ഗീതങ്ങൾ എഴുതുമ്പോൾ, ഉപകരണങ്ങൾ കൂടാതെയുള്ള ശബ്ദത്തെയാണ് നൽകിയിരുന്നത് ... അതുകൊണ്ട്, ഇന്ന് "ഉപകരണങ്ങൾ കൂടാതെയുള്ളതിന്റെ" പര്യായമായിട്ടാണ് കോറൽ മൂസിക്ക് ഉപയോഗിക്കുന്നത്.[21]

ചുരുങ്ങിയത് അറുനൂറ് വർഷത്തോളം, ക്രിസ്ത്യാനികൾ തങ്ങളുടെ ആരാധനയിൽ ഉപകരണങ്ങൾ ഉപയോഗിച്ച് പാടിയിരുന്നില്ല, അതിനുശേഷം റോമൻ കത്തോലിക്കാ വിഭാഗമാണ് ആദ്യമായി ഉപകരണ സംഗീതം അവരുടെ കുർബ്ബാനകളിൽ പരിചയപ്പെടുത്തിയത്. പൂർവ്വദേശ ഓർത്തഡോക്സ് ചർച്ചസ് (റഷ്യ, ഗ്രീക്ക്, ഉക്രൈൻ) അടുത്ത കാലം വരെ ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നില്ല. മാർട്ടിൻ ലൂദറിന്റെ കാലത്ത് ആരംഭിച്ച പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനം ആദ്യത്തെ ഇരുന്നൂറു വർഷത്തോളം വായ്മൊഴിയായുള്ള പാട്ടാണ് അവർ പാടിയിരുന്നത്. പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളിൽ ഉപകരണങ്ങൾ കൊണ്ടുവന്നത് എതിർപ്പുകൂടാതെ ആയിരുന്നില്ല പ്രത്യേകിച്ച് പ്രെസ്ബിറ്റേറിയൻ സഭകളിൽ.[22] നവോത്ഥാന പ്രസ്ഥാനങ്ങളിലെ പല ഇടവകകളും ഉപകരണങ്ങൾ ആരാധനയിൽ ഉൾപ്പെടുത്തിയതിന്റെ പേരിൽ വിഭജിക്കപ്പെട്ടു.

വാൾട്ടർ ബാവർ തന്റെ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കനിൽ എഴുതിയത്, ഉപകരണങ്ങൾ പരിചയപ്പെടുത്തുവാൻ തുടങ്ങിയത് 1979 നും 2000 ത്തിനും ഇടക്കായിരുന്നു എന്നാണ്. പുതിയ നിയമ ഗ്രീക്കിൽനിന്നു വ്യത്യസ്തമാണ് ഗ്രീക്ക് LXX:

> ഏറ്റവും ആദ്യം ഇറങ്ങിയ ക്രിസ്തീയ സാഹിത്യമാണ് ഈ പുസ്തകത്തിൽ കൈകാര്യം ചെയ്യുന്നത്, ഗ്രീക്ക് ഭാഷയിൽ എഴുതപ്പെട്ട പല എഴുത്തുകളും ഉണ്ടായിട്ടുണ്ട്. പുരാതനകാലത്ത് എഴുത്തുകൾ ഗ്രീക്കിലായിരുന്നില്ല, ഇത് ഏദെൻസിന്റെ[23] സുവർണ്ണ കാലഘട്ടത്തിലാണ് തുടക്കമിട്ടത്, ഇന്ന് അത് സ്ഥാപനങ്ങളിൽ പഠിപ്പിക്കുകയും ചെയ്യുന്നു, ഉപയോഗത്തിലിരിക്കുന്ന പ്രമുഖ ഡിക്ഷ്ണറികൾ പരിശോധിച്ചാൽ അതിന്റെ പ്രാധാന്യം മനസിലാകും. എന്നാൽ താരതമ്യ പഠനം സ്ഥിതി മറിച്ചാണെന്ന് ബോധ്യമാക്കും. സ്വരപദ്ധതിയിലും, രൂപവിജ്ഞാനിയത്തിലും, വാക്യ

വിന്യാസത്തിലും ശൈലിയിലും പദാവലിയിലും വ്യത്യാസം ഉണ്ട്.[24]

> ആധുനികരൂപത്തിൽ കാണുന്ന പുതിയ വാക്കുകൾക്ക് നമ്മുടെ സാഹിത്യത്തിൽ ഉള്ള പ്രാധാന്യം എന്തെന്നാൽ ചിലപ്പോൾ അത് LXX പിന്തുടരും, മറ്റു ചിലപ്പോൾ അതിൽനിന്ന് ഒരുഭാഗം എടുക്കും, പഴയ സാധാരണ ഗ്രീക്കിലെ പല വാക്കുകളും പുതിയ അർത്ഥത്തിൽ ഉപയോഗിക്കും....[25]

അപ്പോൾ, പുതിയ നിയമത്തിലെ വാക്കുകൾ, LXX ലെ അതേ അർത്ഥം തന്നെ വരണമെന്നില്ല. അക്കാരണത്താൽ, LXX ലെ *സാലോ*യുടെ അർത്ഥം, "ഒന്നുകിൽ പാടുക, അല്ലെങ്കിൽ ഉപകരണങ്ങളോടുകൂടെ പാടുക." *സാലോ*യുടെ അർത്ഥം, കൊയിനെയിൽ ("പൊതുവായ") പ്രതിഫലിപ്പിക്കുന്നില്ല.

*പുതിയനിയമകാലത്ത് സാൽമോസ്* അർത്ഥമാക്കിയിരുന്നത് ഉപകരണങ്ങളോടുകൂടിയ പാട്ടുകളായിരുന്നു എന്നു തെളിയിക്കുവാനായി ചിലർ തേയറുടെ പുരാതന പുതിയനിയമ *ഗ്രീക്ക് ഇംഗ്ലീഷ് ലെക്സിക്കൻ* ഉദ്ധരിക്കാറുണ്ട്. തേയർ എഴുതി,

> *സാൽമോസി*ന്റെ നയിക്കുന്ന ആശയം ആണ് ഉപകരണത്തോടുകൂടിയ സംഗീതവും *ലൂമിനസും*, ദൈവത്തെ സ്തുതിക്കുന്നതും. പാട്ടിനുള്ള പൊതുവായ വാക്കാണ് അഡേ, അത് ഉപകരണത്തോടുകൂടിയായാലും ഉപകരണമില്ലാതെയായാലും, അല്ലെങ്കിൽ സ്തുതിക്കുന്നതിനായാലും മറ്റു വിഷയത്തിനായാലും ശരി. അതുകൊണ്ട് ഒരിക്കൽ സാൽമോസും ലൂമിനസും ആയിരുന്നതാണ് അഡെ ആയി ഉപയോഗിക്കുന്നത്....[26]

തേയറിന്റെ ലെക്സിക്കൻ വിശദമാക്കുന്നത് പര്യായ വാക്കുകളുടെ അർഥം ലെക്സിക്കന്റെ പ്രധാനഭാഗത്ത് മാറുന്നില്ല എന്നാണ്:

> വീണ്ടും: പര്യായ വാക്കുകൾ ചർച്ച ചെയ്ത് അടിക്കടി പറയുന്നത്, ക്ലാസിക് ഉപയോഗത്തിന്റെ വ്യത്യാസം നിലനിർത്തുവാനാണ് (സ്മിറ്റ് എന്ന എഴുത്തുകാരൻ തന്റെ അനേകഭാഗങ്ങളുള്ള എഴുത്തുകളിൽ പറഞ്ഞിരിക്കുന്നതുപോലെ) പല ലേഖനങ്ങളിലും നിർവ്വചനങ്ങൾ പരിഷ്ക്കരിക്കുന്നതിനാണെന്ന് കണക്കാക്കരുത്. നേരെ മറിച്ച്, ക്ലാസിക് ഉപയോഗം പലപ്പോഴും താരതമ്യം നടത്തി ആ വാക്കിന്റെ അർത്ഥം നോക്കി ദിശാബോധം തീരുമാനിക്കാവുന്നതാണ്.[27]

*സാലോ* നിർവ്വചിച്ച്, ശബ്ദോദ്പത്തിയുടെ പുരോഗമനമനുസരിച്ച് തേയർ *സാലോ* യെ കുറിച്ച് പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം "*ഒരു കീർത്തനം പാടുക, സ്തുതിഗീതങ്ങൾ ദൈവത്തിനു ജയോൽസവം പാടുക.*"[28] *സാൽമോസി*ന്റെ നിർവ്വചനത്തിലും അതേ സമീപനമാണ് എടുത്തിരിക്കുന്നത്. ശബ്ദോദ്പത്തിക്കു ശേഷം പുതിയനിയമ നിർവ്വചനം നൽകിയിരിക്കുന്നു: "അതുകൊണ്ട് ഒരു ഭക്തിയുള്ള ഗാനമാണ് *സങ്കീർത്തനങ്ങൾ.*"[29]

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം, ഭൂഗർഭ പഠനങ്ങൾ നിമിത്തം, പണ്ഡിതന്മാർ കൊയ്നെ ഗ്രീക്കിൽ എഴുതിയ പുതിയനിയമം കൂടുതൽ

നന്നായി മനസിലാക്കുവാൻ തുടങ്ങി. അതിനു മുൻപ്, എബ്രായ സ്വാധീനം നിമിത്തമായിരുന്നു പുതിയനിയമം പഴയ ഗ്രീക്കിലും പുതിയ ഗ്രീക്ക് ഭാഷയിലും വ്യത്യാസം വന്നതെന്നായിരുന്നു ചില പണ്ഡിതന്മാർ കരുതിയത്. വേറെ ചിലർ വിചാരിച്ചത് അത് ദൈവശ്വാസിയമായി നിർമ്മലവും പ്രത്യേകതയുള്ളതുമായ ഭാഷയായി നൽകപ്പെട്ടതാണെന്ന് വേറെ ചിലർ വിശ്വസിച്ചു. ദൈനന്തിന രേഖകൾ പരിശോധിച്ച് പണ്ഡിതന്മാർ തിരിച്ചറിഞ്ഞത് പുതിയനിയമം ഉപയോഗിച്ച ഗ്രീക്ക് സാധാരണ ജനങ്ങളുടേതായിരുന്നു എന്നാണ്. കൊയ്നെ ഗ്രീക്കിന്റെ കൃത്യമായ അർത്ഥം മനസിലാക്കുവാൻ അവരെ ആ രേഖകൾ സഹായിച്ചു, അല്ലെങ്കിൽ "സാധാരണ" ഉപയോഗം എന്തായിരുന്നു എന്നു കാണുവാനും, പുതിയ നിയമ വാക്കുകളെ തെറ്റായി നിർവ്വചിക്കാതിരിക്കുവാനും കഴിഞ്ഞു.

(2) *തന്റെ അധികാരത്താൽ പാട്ട് പാടുവാനാണ് ദൈവം ആവശ്യപ്പെടുന്നത്*. ദൈവത്തിന്റെ എല്ലാ വെളിപ്പാടുകളെയും പോലെ, പാട്ട് നാം തിരഞ്ഞെടുക്കുമ്പോഴും നിയന്ത്രണവിധേയമായിരിക്കണം. ദൈവം നിയന്ത്രണം ഏർപ്പെടുത്താത്ത കാര്യത്തിൽ ആരാധകർക്ക് സ്വയമായി തീരുമാനം എടുക്കാം. ആ തത്വത്തിനു നല്ല ഒരു ഉദാഹരണമാണ് പെട്ടകം പണിയൽ (ഉല്. 6:14-16). അതിന്റെ പണിക്ക് എടുക്കേണ്ട സാധനങ്ങൾ ദൈവം പറഞ്ഞതു തന്നെ ഉപയോഗിക്കണമായിരുന്നു, പണിക്ക് ആവശ്യമായ ഉപകരണങ്ങൾ എന്തൊക്കെ വേണമെന്ന് പണിയെടുക്കുന്നവർക്ക് തീരുമാനിക്കാമായിരുന്നു. ഒരു ജനലോ അല്ലെങ്കിൽ വാതിലോ അധികമായി ചേർക്കുന്നത് ദൈവേഷ്ടത്തിനു വിരുദ്ധമാകുമായിരുന്നു.

ദൈവത്തെ ആരാധിക്കുന്നതും അതേ തത്വമനുസരിച്ചായിരിക്കണം. യേശു തിരഞ്ഞെടുത്തത് പുളിപ്പില്ലാത്ത അപ്പവും മുന്തിരിവള്ളിയുടെ അനുഭവവുമായിരുന്നു. കർത്തൃമേശക്ക് ഉപയോഗിക്കാവുന്നത് പുളിപ്പില്ലാത്ത അപ്പവും മുന്തിരിവള്ളിയുടെ അനുഭവവും മാത്രമായിരിക്കണം. മുന്തിരിവള്ളിയുടെ അനുഭവം വിളമ്പുന്നത് അന്തർലീനമാണ്. പാത്രം ഏതു വിധത്തിലുള്ളതായിരിക്കണം എന്നു ദൈവം പ്രത്യേകമായി പറയാത്തിടത്തോളം ഗ്ലാസ്കൊണ്ടുള്ളതോ, പ്ലാസ്റ്റിക്കു കൊണ്ടുള്ളതോ, മണ്ണുകൊണ്ടുള്ളതോ ഉപയോഗിക്കാം.

ദൈവം ഒരു തിരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ടെങ്കിൽ, അതിൽ മാത്രം നാം ഒതുങ്ങി നിൽക്കണം. അതിനു പകരം നാം എന്തെങ്കിലും എടുത്താൽ അത് ദൈവേഷ്ടത്തിനു വിരുദ്ധമായിരിക്കും. ഓരോ വ്യതിയാനവും പ്രത്യേകമായി പറഞ്ഞ്, അരുത് എന്നു പറയേണ്ട ആവശ്യമില്ല. ആരാധനയിൽ ദൈവം ഒരു നിയന്ത്രണം ഏർപ്പെടുത്തിയില്ലെങ്കിൽ അവന്റെ ശിഷ്യന്മാർക്ക് ആ കാര്യത്തിൽ തിരഞ്ഞെടുപ്പ് നടത്തുവാനുള്ള സ്വാതന്ത്ര്യമുണ്ട്. ആരാധനയിൽ നാം എന്തു ചെയ്യണമെന്ന് ദൈവം തിരഞ്ഞെടുപ്പ് നടത്തി കഴിഞ്ഞു എങ്കിൽ, അവന്റെ തിരഞ്ഞെടുപ്പിനെ പരിഷ്ക്കരിക്കുവാൻ നമുക്ക് അവകാശമില്ല. അത് പാട്ടു പാടൽ, നൽകൽ, പ്രാർത്ഥന എന്നിവയുടെ കാര്യത്തിലും, മറ്റേതൊരു ആത്മിയ കാര്യത്തിലും വാസ്തവമാണ്. ദൈവം നിർദ്ദേശിച്ചതിനോട് കൂട്ടുകയോ കുറക്കുകയോ ചെയ്യുന്നത് ദൈവേഷ്ടത്തെ ലംഘിക്കുകയാണ്.

ഒരു യാത്രക്കാരൻ കാർ ഡ്രൈവറോട് പട്ടണത്തിൽ പോകേണ്ടതായ സ്ഥലം പ്രത്യേകമായി പറയുന്നു എന്നു വിചാരിക്കുക; അയാൾക്ക് മറ്റു സാധ്യതകൾക്ക് പരിശ്രമിക്കുവാൻ അവകാശ*മില്ല*. നിർദ്ദേശത്തിൽ ഏതു വഴി പോകണമെന്നും പറഞ്ഞിരിക്കും. ചില വഴിയായി പോകരുത് എന്ന് പിന്നെ എടുത്തു പറയേണ്ട ആവശ്യം ഉദിക്കുന്നില്ല; പോകരുതാത്ത വഴി പ

റയണമെന്ന് ആരും ആവശ്യപ്പെടുകയുമില്ല. ദൈവം തന്റെ ഉപദേശങ്ങൾ ആ അർത്ഥത്തിൽ തന്നെയാണ് വെളിപ്പെടുത്തിയിരിക്കുന്നത്. എന്തു ചെയ്യണമെന്ന് ദൈവം ആജ്ഞാപിച്ചിട്ടുള്ളപ്പോൾ, മറ്റെല്ലാ കാര്യങ്ങളും ഒഴിവാക്കിയിരിക്കുകയാണ്; അതുകൊണ്ട് നാം ചെയ്യരുതാത്ത കാര്യങ്ങളെ ഓരോന്നായി പറയേണ്ട ഉദ്ദേശം തന്നെയില്ല.

(3) *ശരിയായ മനോഭാവത്തിൽ പാടുവാനാണ് ദൈവം നമ്മോട് ആവശ്യപ്പെടുന്നത്.* ആരാധനയിൽ ദൈവം പ്രത്യേകമായി പറഞ്ഞിരിക്കുന്നത് മാത്രമെ ക്രിസ്ത്യാനികൾ ഉപയോഗിക്കാവു. അതിൽ കൂടുതലായോ കുറവായോ ചെയ്യുന്നവർ ദൈവം തിരഞ്ഞെടുത്തിരിക്കുന്നതിനെ ലംഘിക്കുന്നവരാണ്. എങ്ങനെയായാലും, ആരാധനയുടെ രൂപം മാത്രം ശരിയായാൽ ആരാധനയുടെ സത്ത ശരിയാകണമെന്നില്ല. വാക്കുകളാൽ പാടിയാൽ മാത്രം പോരാ; നമ്മുടെ ആത്മാവും അതിൽ ഉൾപ്പെട്ടിരിക്കണം. എല്ലാ ആരാധനയും സത്യത്തിലും ആത്മാവിലും ആയിരിക്കണം (യോഹ. 4:23, 24). അവൻ തിരഞ്ഞെടുത്ത മാദ്ധ്യമം മുഖാന്തരം ശരിയായ മനോഭാവത്തിൽ അവനെ സമീപിച്ച് ആരാധിക്കുന്നവരുടെ ആരാധനയിൽ ദൈവം പ്രസാദിക്കും. അതേ ആശയമാണ് "ആത്മാവിലും," "നിങ്ങളുടെ ഹൃദയങ്ങളിലും" എന്നത് വ്യക്തമാക്കുന്നത്. ഹൃദയവുമായി ബന്ധപ്പെട്ടതാകണം വാമൊഴിയായുള്ള ആശയവിനിമയം; പാട്ടു പാടുമ്പോൾ ഉപയേഗിക്കേണ്ട ഉപകരണം ഹൃദയമായിരിക്കണം.

സ്തുതിയും ബഹുമാനവും നമ്മുടെ അധരങ്ങളിൽ കൂടെ നിറഞ്ഞൊഴുകുമ്പോഴാണ് ആരാധനയാകുന്നത് (എബ്രാ. 13:15), അതിനോടനുബന്ധിച്ച് ആദരവും നന്ദിയും ഹൃദയങ്ങളിൽ നിറഞ്ഞു കവിയുന്നു. ക്രിസ്തീയാരാധനയിൽ കീർത്തനങ്ങളാലും വാക്കുകളാലും സ്തുതികളാലും സ്തോത്രം ചെയ്തും പാട്ടുകളാൽ പഠിപ്പിക്കുകയും പ്രബോധിപ്പിക്കുകയും വേണം.

## പ്രായോഗികത

### നന്ദിയോടുകൂടെ ജീവിക്കൽ (3:15–17)

ദൈവം നമുക്ക് വേണ്ടി ചെയ്തതെല്ലാം പരിഗണിക്കുമ്പോൾ, സ്തോത്രം ചെയ്യുവാൻ നമുക്ക് പല കാരണങ്ങൾ കാണാം (വാ. 15, 17). ക്രിസ്തുവിന്റെ ശരീരത്തിലായ ഓരോരുത്തരും സന്തോഷവും നന്ദിയുമുള്ളവരായിരിക്കണം. ജീവിതത്തിൽ സംഭവിക്കുന്ന നിഷേധ സാഹചര്യങ്ങളെ കുറിച്ചു ചിന്തിക്കുന്നവർക്ക് ദൈവത്തിന് നന്ദി കരേറ്റുവാൻ സാധ്യമല്ല. നാം മറ്റുള്ളവരുടെ ജീവിതത്തെ നമ്മുടെ ജീവിതവുമായി ഒരിക്കലും താരതമ്യം ചെയ്യരുത്. അങ്ങനെ ചെയ്താൽ നമുക്ക് ഇല്ലാത്തതിനെ കുറിച്ചായിരിക്കും നമ്മുടെ ചിന്ത (സങ്കീ. 37:7–10; 73:2, 3, 16–20). ജീവിതത്തിൽ സംഭവിക്കുന്ന കഷ്ടതകൾ നമ്മുടെ സ്വഭാവരൂപീകരണത്തിനുപകരിക്കുന്നതാണ് എന്ന തിരിച്ചറിവ് സ്തോത്രം ചെയ്യുവാൻ പ്രേരിതരാക്കും (റോമർ 5:3, 4; എബ്രാ. 12:4–11; യാക്കൊ. 1:2–4). നാം മഴക്കും സൂര്യപ്രകാശത്തിനും നന്ദിയുള്ളവരായിരിക്കണം കാരണം നമ്മുടെ ആത്മിയ വളർച്ചക്ക് അവ അനിവാര്യമാണ്.

ക്രിസ്ത്യാനികൾ മറ്റുള്ളവരെ പഠിപ്പിക്കുകയും പാട്ടുകളിൽകൂടെ ദൈവത്തോട് നന്ദി പ്രകാശിപ്പിക്കുകയും വേണം (വാ. 16). ക്രിസ്ത്യാനിത്വത്തിൽ ഉള്ളതുപോലെ മറ്റൊരു മതത്തിലും മഹത്തായ പാട്ടുകളില്ല. കാരണം ക്രിസ്ത്യാനികൾക്ക് പാടുവാനായി ധാരാളം ഗീതങ്ങളുണ്ട്. എവിടെയും ഏതു

നേരത്തും നമുക്ക് പാടുവാൻ കഴിയണം. സംഗീത ലഹരിയായിട്ടാണോ നാം ആരാധനയിൽ പാട്ടു പാടുന്നത് എന്ന് ചിന്തിക്കുക. സംഗീതാഭിരുചി പ്രകടിപ്പിക്കുകയല്ല നമ്മുടെ ലക്ഷ്യം. അതിൽ കൂടെ നാം ദൈവത്തോട് ആശയ വിനിമയം നടത്തുകയും സഹ ക്രിസ്ത്യാനികളെ പ്രബോധിപ്പിക്കുവാനും ആയിരിക്കണം നാം പാട്ട് പാടുന്നത്.

ക്രിസ്ത്യാനികൾ ചെയ്യുന്നതെല്ലാം യേശുക്രിസ്തുവിന്റെ ഇഷ്ടം അനുസരിച്ചായിരിക്കണം (വാ. 17). നാം ചെയ്യുന്നതെല്ലാം അവന്റെ നാമവുമായി ബന്ധപ്പെട്ടതായിരിക്കണമെന്ന് നാം ഉറപ്പാക്കണം. യേശു ഉപദേശിച്ചതിനു വിരുദ്ധമായി നാം ഒന്നും ചെയ്യരുത്. പകരം, നാം ചെയ്യുന്നതെല്ലാം അവന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിന്മേലായിരിക്കണം (മത്താ. 7:24–27; 28:20).

**"ക്രിസ്തുവിന്റെ സമാധാനം" (3:15)**

"ക്രിസ്തുവിന്റെ സമാധാനം" മൂന്നു വിധത്തിലുള്ള സമാധാനമാണ്: ദൈവത്തോടുള്ള സമാധാനം; ആന്തരിക സമാധാനം; മറ്റുള്ളവരോടുള്ള സമാധാനം. അവ മൂന്നും അന്യോന്യം ബന്ധപ്പെട്ടാണിരിക്കുന്നത്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ദൈവത്തോടുള്ള സമാധാനം, അതിൽനിന്നാണ് ആന്തരിക സമാധാനം, അതിനെ തുടർന്നു സാധ്യമായ ഒന്നാണ് അന്യോന്യമുള്ള സമാധാനം.

യേശുവിന്റെ പ്രവർത്തന ഫലമായുണ്ടായതാണ് *ദൈവത്തോടുള്ള സമാധാനം.* "വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്" (റോമർ 5:1; യെശ. 9:6 നോക്കുക).

നമ്മുടെ ദുഷ്പ്രവൃത്തികൾ നമ്മെ ദൈവത്തിൽനിന്നും അകറ്റുകയും, അത് ദൈവത്തോടു ശത്രുതയിലാക്കുകയും ചെയ്യും (കൊലൊ. 1:21). ക്രൂശിൽ അവൻ രക്തം ചിന്തിയതിനാൽ, നമ്മുടെ പാപക്കടം കൊടുത്തു തീർക്കുകയും അങ്ങനെ ദൈവത്തോട് നമുക്ക് സമാധാനം ഉണ്ടാക്കുകയും ചെയ്തു (1:20–22).

നമുക്ക് ദൈവത്തോട് സമാധാനം ഉണ്ടായി എന്നു തോന്നിയാൽ സമാധാനം ഉണ്ടായി എന്നർത്ഥമാകുന്നില്ല. തന്റെ കാലത്തെ കള്ളപ്രവാചകന്മാരെ കുറിച്ച് യിരെമ്യാവ് പറഞ്ഞു, "സമാധാനം ഇല്ലാതിരിക്കെ സമാധാനം സമാധാനം എന്ന് അവർ പറഞ്ഞു എന്റെ ജനത്തിന്റെ മുറിവിന്നു ലഘുവായി ചികിൽസിക്കുന്നു" (യിരെ. 6:14; യെഹെ. 13:10). നാം പാപത്തിൽനിന്നു മോചിതരായി അവനെ പ്രസാദിപ്പിച്ച് ജീവിക്കുന്നു എങ്കിൽ മാത്രമെ നമുക്ക് സമാധാനം ലഭിക്കുകയുള്ളു.

കഴിഞ്ഞകാലത്തെ സംബന്ധിച്ച് തൃപ്തികരമായ തോന്നലും, വർത്തമാന കാലത്തെ ശാന്തമായ തോന്നലും, ഭാവിയെ സംബന്ധിച്ച പ്രതികരണ മനോഭാവവുമനുസരിച്ചാണ് *ആന്തരിക സമാധാനം* ഇരിക്കുന്നത്. ഭൂതകാലം നമ്മെ വേട്ടയാടിക്കൊണ്ടിരുന്നേക്കാം. "ദുഷ്ടന്നു ഒരു സമാധാനവുമില്ല" (യെശ. 48:22); "ആരും ഓടിക്കാതെ ദുഷ്ടൻ ഓടി പോകുന്നു; നീതിമാന്മാരോ ബാലസിംഹം പോലെ നിർഭയമായിരിക്കുന്നു" (സദൃശ. 28:1). നാം ദൈവത്തെ സേവിപ്പാൻ ആഗ്രഹിച്ച് അവന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടാൽ (1 യോഹ. 1:7), നമ്മുടെ ഭൂതകാലം കഴിഞ്ഞുപോയതായി ഉറപ്പിക്കാം (എബ്രാ. 8:12). യേശു നമ്മുടെ പാപങ്ങൾ മോചിച്ചു കഴിഞ്ഞാൽ നമ്മുടെ ഭൂതകാല ദുഷ്ടത

നമ്മെ പിന്തുടരുകയില്ല.

കഴിഞ്ഞകാല അതിക്രമങ്ങളിൽനിന്നു മോചനം ലഭിച്ചു എന്നതിനാൽ നമ്മുടെ വർത്തമാനകാല പ്രശ്നങ്ങൾ നാം വരുത്തുന്നത് മാറണമെന്നില്ല, അത് നമ്മുടെ ഭാവിയെ ബാധിക്കും. നമ്മുടെ ഭൂതകാല ജീവിതം നമ്മുടെ വർത്തമാനകാലത്തെയും ഭാവിയെയും ബാധിക്കുവാനിടയുണ്ടെങ്കിലും, ദൈവം നമ്മെ കൈവിടുകയോ ഉപേക്ഷിക്കുകയോ ഇല്ല എന്ന ഉറപ്പ് അവൻ നൽകിയിട്ടുണ്ട് (എബ്രാ. 13:5).

വർത്തമാനകാലത്ത് നമുക്ക് ആന്തരികമായ സമാധാനം ഉണ്ടാക്കുവാൻ കഴിയും. ഒരു വ്യക്തിയുടെ പ്രശാന്തമായ അവസ്ഥയിലെ സമാധാനത്തെ കുറിച്ച് ദാവീദ് എഴുതി, “ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും; നീയല്ലോ യഹോവേ എന്നെ നിർഭയം വസിക്കുമാറാക്കുന്നത്” (സങ്കീ. 4:8). തന്നോട് തന്നെ സമാധാനമുള്ള ഒരാൾക്ക് നല്ലതുപോലെ ആശ്വസിക്കുവാനും രാത്രിയിൽ നന്നായി കിടന്നുറങ്ങുവാനും കഴിയും.

> മറുവില കൊടുത്തു വാങ്ങിയ ആത്മാവിനെ മനസിൽ വിചാരിക്കുക, ദൈവകരങ്ങളിൽ സുരക്ഷിതനാണെന്ന് അറിയുന്നു, ലോകത്തിൽ ആണെങ്കിൽ പോലും സന്തോഷിക്കുന്നു, അവന്റെ ആശ്ലേഷത്തിൽ ആനന്ദം കൊള്ളുന്നു; ആശ്വാസജലം അവനിലേക്ക് ഒഴുകിയെത്തുന്നു, സ്വർഗീയ സ്നേഹത്തിന്റെ പച്ചപ്പുൽപുറത്ത് അവൻ കിടക്കുന്നു, ഭയങ്കരമായ കടലിൽനിന്ന് ഒരു ദ്വീപ് രക്ഷക്കായി ഒരുക്കിയിരിക്കുന്നു, ഇടിമിന്നലിന്റേയും ആർത്തിരമ്പുന്ന തിരമാലകളുടെയും ശബ്ദം കേൾക്കുമ്പോൾ ദൂരെ-ഒരു-പായ്ക്കപ്പൽ നമുക്കായി അയച്ചിരിക്കുന്നു.[30]

ഭാവിയെ കുറിച്ച് നമുക്ക് വിചാരപ്പെടേണ്ട ആവശ്യമില്ല, കാരണം നാം ആദ്യം ദൈവരാജ്യവും നീതിയും അന്വേഷിച്ചാൽ ബാക്കിയെല്ലാം നോക്കിക്കൊള്ളാമെന്ന് ദൈവം വാഗ്ദാനം ചെയ്തിരിക്കുകയാണ് (മത്താ. 6:28–33). ഭാവിയെ കുറിച്ച് വിചാരപ്പെടുന്നവർക്കുള്ള പ്രതിവിധി ദൈവത്തിൽ ആശ്രയിക്കുക എന്നതാണ്. അവനിൽ ആശ്രയിക്കുന്നവരെ ദൈവം പൂർണ്ണസമാധാനത്തിൽ വഴി നടത്തും (യെശ. 26:3). ദൈവത്തിലുള്ള ആശ്രയവും ആത്മവിശ്വാസവും പ്രകടിപ്പിച്ചിരിക്കുന്ന വേദഭാഗമാണ് സങ്കീർത്തനങ്ങൾ 23. “യഹോവ എന്റെ ഇടയനാകുന്നു, എനിക്ക് മുട്ടുണ്ടാകയില്ല ... കൂരിരുൾ താഴ്വരയിൽ കൂടെ നടന്നാലും, ഞാൻ ഒരർത്ഥവും ഭയപ്പെടുകയില്ല. നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു” (സങ്കീ. 23:1, 4).

ആന്തരിക സമാധാനത്തിന് തന്റെ അടുക്കലേക്കു വന്ന്, അവനോട് കേട്ട് പഠിക്കുവാനാണ് യേശു എഴുതിയിരിക്കുന്നത്. നാം അങ്ങനെ ചെയ്താൽ നമ്മുടെ ആത്മാക്കൾക്ക് ആശ്വാസം ലഭിക്കും (മത്താ. 11:28–30). അവൻ തന്റെ സമാധാനം നമ്മിൽ വിട്ടിരിക്കുന്നു (യോഹ. 16:33). നാം ആത്മീയ കാര്യങ്ങളെ കുറിച്ച് ചിന്തിക്കുവാൻ നമ്മുടെ മനസിനെ ശീലിപ്പിച്ചാൽ സമാധാനം നമ്മുടേതായി തീരും (റോമർ 8:6; ഗലാ. 5:22, 23). അതിനർത്ഥം ശരിയായ കാര്യങ്ങളിലായിരിക്കണം നമ്മുടെ ചിന്ത, പൗലൊസിന്റെ ചിന്തയും ജീവിതവും അത്തരത്തിലായിരുന്നു (ഫിലി. 4:8, 9), കൂടാതെ നമ്മുടെ ഭാരങ്ങളെല്ലാം പ്രാർത്ഥനയിൽ നാം ദൈവത്തിൽ ഏൽപിക്കയും വേണം (1 പത്രൊ. 5:7).

*മറ്റുള്ളവരോടുള്ള സമാധാനം* യേശു നമ്മിൽനിന്നു പ്രതീക്ഷിക്കുന്നതാണ്

(മർ. 9:50). അവരോട് സമാധാനം ആചരിക്കുവാൻ ചില ആളുകൾ നമ്മെ അനുവദിക്കുകയില്ല. അതു വാസ്തവമാണെങ്കിൽ, നാം സമാധാനമായിരിക്കുവാൻ ആഗ്രഹിക്കുന്നത് തള്ളിക്കളയുന്നവർക്കു വേണ്ടി പ്രാർത്ഥിക്കണം (മത്താ. 5:44), മറ്റുള്ളവരുടെ ഉപദേശം തേടുകയും വേണം (സദൃശ. 15:22), പിന്നെ അവരുമായി സമാധാനത്തിൽ കഴിയുവാൻ ഏറ്റവും നന്നായി പ്രവർത്തിക്കുകയും വേണം (റോമർ 12:18; 14:19).

ക്രിസ്തുവാണ് "സമാധാനം, തികഞ്ഞ സമാധാനം,"[31] എന്ന ഒരു ഗാനത്തിൽ ആത്മവിശ്വാസവും സമാധാനവും മനോഹരമായി പ്രകടിപ്പിച്ചിരിക്കുകയാണ്. സമാധാനത്തിന്റെ ഉറവിടത്തെയാണ് അത് പറയുന്നത്: പാപം നിമിത്തം ഇരുട്ടിലായ ലോകത്തിന് യേശുവിന്റെ രക്തമുണ്ട്; കടമകളുടെ സമ്മർദ്ദത്തിൽ യേശുവിന്റെ ഇഷ്ടം ചെയ്യുമ്പോൾ വിശ്രമം ലഭിക്കും; കലുഷിദവും ദുഃഖവുള്ളവർക്ക് യേശുവിന്റെ മടിയിൽ ശാന്തതയുണ്ട്; അറിവില്ലാത്ത ഭാവിയെ കുറിച്ച് വ്യാകുലപ്പെടാതെ സിംഹാസനത്തിലുള്ള യേശുവിൽ ആശ്രയിക്കുക.

ആരോ പറഞ്ഞു, "ഭാവിയിൽ എന്തു സംഭവിക്കുമെന്ന് എനിക്കറിയില്ല, പക്ഷെ ഭാവി ആരുടെ കയ്യിലാണെന്ന് എനിക്ക് അറിയാം."

**നമ്മുടെ ഗീതങ്ങളിൽ ക്രിസ്തുവിന്റെ വാക്കുകൾ (3:16)**

ആരംഭ ക്രിസ്തീയ ഗാനങ്ങളിൽ മിക്കവാറും ക്രിസ്തുവിന്റെ ഉപദേശങ്ങളും, അവനെ ആദരിക്കുന്ന കീർത്തനങ്ങളുമാണ് ഉണ്ടായിരുന്നത്. ആരംഭ ക്രിസ്തീയ കീർത്തനങ്ങളിൽ ഉപയോഗിച്ച കീർത്തനങ്ങളിലെ വാക്കുകൾ എന്തൊക്കെയായിരുന്നു എന്ന് ആർക്കും തീർച്ചയില്ല; എങ്ങനെയായാലും, അവ എങ്ങനെയായിരുന്നു എന്ന് പൗലൊസിന്റെ ലേഖനങ്ങൾ വ്യക്തമാക്കുന്നു. അവന്റെ ലേഖനങ്ങളിൽ ആ കീർത്തനങ്ങളിൽ ചിലത് ഉൾപ്പെടുത്തിയിരുന്നു എന്ന് ചില പണ്ഡിതന്മാർ കരുതുന്നു (എഫെ. 5:14; 2 തിമൊ. 2:11–13), 1 തിമൊഥെയൊസ് 3:16–ൽ അവൻ എഴുതി,

അവൻ ജഡത്തിൽ വെളിപ്പെട്ടു,
ആത്മാവിൽ നീതീകരിക്കപ്പെട്ടു,
ദൂതന്മാർക്ക് പ്രത്യക്ഷനായി,
ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു,
ലോകത്തിൽ വിശ്വസിക്കപ്പെട്ടു,
തേജസിൽ എടുക്കപ്പെട്ടു.

*ക്രിസ്തുവിന്റെ വചനം നമ്മുടെ ഉള്ളിൽ ഐശ്വര്യമായി വസിക്കണം.* ഒരു ഗാനത്തിന്റെ രീതിയേക്കാൾ അതിന്റെ വാക്കുകൾക്കാണ് പ്രാധാന്യം. പൗലൊസ് നിർദ്ദേശം കൊടുത്തത് ഈണത്തിനല്ല, മറിച്ച് ഭാവഗാനത്തിനാണ്. യേശുവിനെ കുറിച്ചും അവന്റെ ഉപദേശത്തെ കുറിച്ചും ഉള്ള വിഷയങ്ങൾ ഉൾപ്പെടുന്നതാണ് നാം പാടുന്ന സ്തുതിഗീതങ്ങളും, കീർത്തനങ്ങളും ആത്മിക ഗീതങ്ങളും. നൂറ്റാണ്ടുകളായി നമ്മുടെ പാട്ടുകൾ പലതും അത്തരത്തിലാണ് രചിച്ചിട്ടുള്ളത്.

ഹൃദയത്തിൽനിന്നു വരുന്ന ഗാനങ്ങളാണ് ദൈവത്തിനു പ്രസാദകരമായിരിക്കുന്നത്. കാരണം ദൈവം നമ്മുടെ ഹൃദയത്തെയാണ് നോക്കുന്നത്. നാം പാട്ടു പാടുമ്പോൾ, വിദൂരമായ കാര്യങ്ങളെ കുറിച്ച് നമ്മുടെ മനസിൽ നാം

പാടുകയാണെങ്കിൽ, ക്രിസ്തുവിന്റെ വചനങ്ങൾ നമ്മിൽ വസിക്കുകയില്ല. അത്തരം പാട്ടുകൾ വെറുതെയാണ്, ദൈവം സ്വീകരിക്കുകയില്ല. യിസ്രായേലിനെ കുറിച്ചുള്ള ദൈവത്തിന്റെ പരാതി യെശയ്യാവ് എഴുതി (മത്താ. 15:8 നോക്കുക): "ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ട് അകന്നിരിക്കുന്നു" (യെശ. 29:13). ആരാധനയിൽ അധരഫലം എന്ന സ്തോത്രയാഗവും, അതിൽ കൂടുതലും ദൈവം പ്രതീക്ഷിക്കുന്നു. നമ്മുടെ ഹൃദയത്തിൽനിന്നു വരുന്ന പാട്ടുകളാണ് ദൈവം ആഗ്രഹിക്കുന്നത് (എഫെ. 5:19).

*ക്രിസ്തുവിന്റെ വാക്കുകൾ ജ്ഞാനവും വിവേകവും നൽകുന്നു.* സകല ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും ഉറവിടം യേശുവാകുന്നു (കൊലൊ. 2:3); അതുകൊണ്ട്, നമ്മുടെ പാട്ടുകളിൽ അടിസ്ഥാനപരമായി അവന്റെ ഉപദേശങ്ങളാണ് ഉപയോഗിക്കേണ്ടത്. അവന്റെ സന്ദേശത്തിന്റെ സത്ത ശ്രദ്ധാപൂർവ്വം അവതരിപ്പിച്ച് അവന്റെ ഉപദേശം കവിതാരൂപത്തിൽ നാം പ്രകടിപ്പിക്കണം.

അന്യോന്യം പഠിപ്പിക്കുവാനും പ്രബോധിപ്പിക്കുവാനും ഉതകുന്നതാണ് ക്രിസ്തുവിന്റെ വാക്കുകൾ. യേശുവിന്റെ ഉപദേശത്താൽ മറ്റുള്ളവരെ പഠിപ്പിക്കുക എന്നതാണ് പാട്ട് പാടുന്നതിന്റെ ഒരു ഉദ്ദേശം. നാം ആരാധനയിൽ പാട്ട് പാടുമ്പോൾ, അത് "അന്യോന്യം" ക്രിസ്തുവിന്റെ ഉപദേശം പഠിപ്പിക്കുന്നതിന് ആവശ്യമാണെന്ന് പൗലൊസ് നിർദ്ദേശിച്ചിരിക്കുന്നു. ക്രിസ്തീയ കൂട്ടായ്മയിൽ മാത്രം പാടുവാൻ നമ്മെ ദൈവം നിയന്ത്രിച്ചിട്ടില്ല, കാരണം അല്ലാതെയും നമുക്ക് പാട്ട് പാടാം (യാക്കൊ. 5:13).

നന്നായി-ഏർപ്പെടുത്തിയ സംഗീത പരിപാടിയിൽ, ഉപദേശം, പ്രബോധനം, സ്തുതി, ധ്യാനം എന്നിവ ഉൾപ്പെടുത്താം. നാം സഭായോഗത്തിൽ പാട്ട് പാടുമ്പോൾ, ഇടവകയിലെ അംഗങ്ങൾ മാത്രമല്ല, ദൈവവും സന്നിഹിതനാണെന്ന് നാം ഓർക്കണം.

*ക്രിസ്തുവിന്റെ വാക്കുകളിൽ ദൈവത്തോടുള്ള നന്ദിയും ഉൾപ്പെടുന്നു.* എല്ലാ നല്ല ദാനങ്ങളുടേയും ഉറവിടം ദൈവം ആണെന്ന കാര്യം നാം ഒരിക്കലും മറക്കരുത് (യാക്കൊ. 1:17). ആ തിരിച്ചറിവ് നമ്മുടെ ഹൃദയങ്ങളിൽ സ്തോത്രം നിറഞ്ഞുകവിയുവാൻ കാരണമാകുകയും, പാട്ടുകളിൽകൂടെ നാം അത് പ്രകടിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ നന്മകൾക്ക് സ്തുതിസ്തോത്രങ്ങൾ ഹൃദയങ്ങളിൽ നിന്നുയരുന്ന ഗാനങ്ങളായിട്ടായിരിക്കാം ദൈവം പ്രതീക്ഷിക്കുന്നത്. ഈ ആശയം സങ്കീർത്തനങ്ങളിൽ പലപ്പോഴും കാണാം.[32]

നമ്മുടെ ജീവിതത്തിൽ ലഭിക്കുന്ന ധാരാളമായ അനുഗ്രഹങ്ങൾക്ക് നാം ദൈവത്തിനു നന്ദിയുള്ളവരായിരിക്കണം. നാം പ്രതിസന്ധിയിലായിരിക്കുന്നതാകാം ഒരുപക്ഷെ ഏറ്റവും വലിയ അനുഗ്രഹങ്ങൾ. അതിനെ നാം അതിജീവിച്ചുകഴിയുമ്പോൾ, നാം ശക്തിയുള്ള ക്രിസ്ത്യാനികളായി തീരുന്നു (റോമർ 5:3, 4; എബ്രാ. 13:4-11; യാക്കൊ. 2:2-4).

ദൈവം നമുക്ക് വേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങളെല്ലാം ഓർക്കുമ്പോൾ നമ്മുടെ ഹൃദയങ്ങൾ സ്തോത്രങ്ങളാൽ നിറഞ്ഞു കവിയും. ആ അനുഗ്രഹങ്ങൾ നമ്മുടെ പ്രവൃത്തികളാൽ മാത്രം ലഭിച്ചതല്ല എന്നു തിരിച്ചറിയുമ്പോൾ മാത്രമാണ് അങ്ങനെ സംഭവിക്കുന്നത്; അവൻ നമുക്ക് നല്ല ദാനങ്ങൾ ലഭിക്കത്തക്കവണ്ണം പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത് (യാക്കൊ. 1:17). അത് നാം

തിരിച്ചറിയുമ്പോഴാണ് നാം നമ്മുടെ ഹൃദയങ്ങളിൽ നന്ദിയോടെ ദൈവത്തെ സ്തുതിച്ചു പാടുന്നത്.

**നമ്മുടെ വാക്കുകളും പ്രവൃത്തികളും (3:17)**

നാം എന്തെങ്കിലും യേശുവിന്റെ നാമത്തിൽ ചെയ്യുമ്പോൾ, അവന്റെ അധികാരത്തിൽ ചെയ്ത് അവനെ മാനിച്ച്, മഹത്വപ്പെടുത്തുവാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ്. യോശു പറഞ്ഞു, "അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ. 5:16). നാം വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും അത് യേശുവിന്റെ നാമത്തിൽ വേണം ചെയ്യുവാൻ.

*വാക്കിൽ നാം ചെയ്യുന്നത്.* നമ്മുടെ വാക്കുകളെയും നാവിന്റെ ഉപയോഗത്തെയും കുറിച്ച് ബൈബിളിൽ ധാരാളം വേദഭാഗങ്ങൾ പറയുന്നുണ്ട്. ബൈബിളിലെ മറ്റു പുസ്തകങ്ങളെ അപേക്ഷിച്ച് സദൃശവാക്യങ്ങളിലാണ് അത് കൂടുതലായി പറയുന്നത്. യാക്കോബും തന്റെ ലേഖനത്തിൽ നല്ല ഉപദേശം അതിനെ സംബന്ധിച്ച് നൽകിയിട്ടുണ്ട്. നാം കേൾക്കുവാൻ വേഗതയുള്ളവരും, പറവാൻ താമസവും, കോപത്തിന്നു താമസവും ഉള്ളവരാകുവിൻ എന്നാണ് അവൻ പറഞ്ഞത് (യാക്കൊ. 1:19). ആർക്കും നാവിനെ നിയന്ത്രിക്കുവാൻ കഴിയുകയില്ല എന്നും അവൻ പറഞ്ഞിരിക്കുന്നു (യാക്കൊ. 3:1-9).

നാം ഉപയോഗിക്കുന്ന ഓരോ വാക്കും ദൈവത്തെ മഹത്വപ്പെടുത്തുവാനായിരിക്കണം. യേശു ആഗ്രഹിക്കുന്നതുപോലെ നാം സംസാരിച്ചാൽ നാം അവന്റെ നാമത്തെ മാനിക്കുകയായിരിക്കും ചെയ്യുക.

*പ്രവൃത്തിയിൽ നാം ചെയ്യുന്നത്.* യേശു ആഗ്രഹിക്കുന്നത് നമ്മിൽനിന്നു വരുവാൻ നാം അതുപോലെ ചിന്തിച്ച് വേണം ഓരോ പ്രവൃത്തിയിലും ഏർപ്പെടുവാൻ. താഴെ കൊടുത്തിരിക്കുന്ന കാരണങ്ങളാൽ നാം ചെയ്യുന്ന പ്രവൃത്തികൾക്ക് പ്രാധാന്യമുണ്ട്:

1. നാം പാറമേൽ വീട് പണിത ബുദ്ധിയുള്ള മനുഷ്യനെ പോലെ ആകും (മത്താ. 7:24, 25).
2. ദൈവേഷ്ടം ചെയ്യുമ്പോൾ നമുക്ക് യേശുവിനോട് ബന്ധമുണ്ടാകും (മത്താ. 12:50).
3. നമ്മുടെ പ്രവൃത്തികളാലാണ് നാം വിധിക്കപ്പെടുന്നത് (മത്താ. 16:27; റോമർ. 2:6; 2 കൊ. 5:10; 1 പത്രൊ. 1:17).
4. നാം ദൈവവചനം അനുസരിച്ചാൽ അനുഗ്രഹിക്കപ്പെടും (ലൂക്കൊ. 11:27, 28; യാക്കൊ. 1:25).
5. നമ്മുടെ പ്രവൃത്തികൾ രക്ഷയെ ബാധിക്കും (ഫിലി. 2:12).
6. നമ്മുടെ പ്രവൃത്തികളാൽ മറ്റുള്ളവരും അനുഗ്രഹിക്കപ്പെടും (യാക്കൊ. 2:15-17).
7. നാം വിശ്വാസത്താൽ മാത്രമല്ല, പ്രവൃത്തികളാലുമാണ് "നീതീകരിക്കപ്പെടുന്നത്" (യാക്കൊ. 2:24).

നാം ചെയ്യുന്നത് യേശുവിന്റെ നാമത്തിലായിരിക്കണം. നാം കൂടി വരു

ന്നതും അവന്റെ നാമത്തിലായിരിക്കണം (മത്താ. 18:20; 1 കൊ. 5:4), മാനസാന്തരം പ്രസംഗിക്കേണ്ടതും (ലൂക്കൊ. 24:47), വിശ്വസിക്കേണ്ടതും (യോഹ. 1:12; 1 യോഹ 5:13), പ്രാർത്ഥിക്കേണ്ടതും (യോഹ. 14:14), സ്നാനം ഏൽക്കേണ്ടതും (പ്രവൃ. 2:38), സംസാരിക്കേണ്ടതും (പ്രവൃ. 9:27; യാക്കൊ. 5:10), നീതീകരിക്കപ്പെടുന്നതും (1 കൊ. 6:11), സ്തോത്രം ചെയ്യേണ്ടതും അവന്റെ നാമത്തിലാണ് (എഫെ. 5:20).

നാം "ക്രിസ്ത്യാനി" എന്ന നാമം ധരിക്കുകയും ആ നാമത്താൽ അറിയപ്പെടുകയും വേണം (1 പത്രൊ. 4:14–16). ക്രിസ്തുവിന്റെ നാമ മഹത്വത്തിനായിരിക്കണം നാം ജീവിക്കുന്നത്, അപ്പോൾ നാം ഒരിക്കലും അവന്റെ നാമം ദുഷിക്കപ്പെടുവാൻ അനുവദിക്കുകയില്ല.

---

കുറിപ്പുകൾ

[1]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 183. [2]ജെ.ഡി. ഡഗ്ലസ്, എഡി., ഗ്രീക്ക്-ഇംഗ്ലീഷ് ഇന്റർലീനിയർ ന്യൂ ടെസ്റ്റമെന്റ്, ട്രാൻസ്. റോബർട്ട് കെ. ബ്രൗൺ ആന്റ് ഫിലിപ് ഡബ്ലിയു. കംഫർട്ട് (വീറ്റൺ, Ill.: ടിൻഡേൽ ഹൗസ് പബ്ലിഷേഴ്സ്, 1990), 704. [3]എഡ്വേർഡ് ലോഹ്സ്, *കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ*, ട്രാൻസ്. വില്യം ആർ. പോൾമാൻ ആന്റ് റോബർട്ട് ജെ. കാരിസ്, ഹെർമെനിയ (ഫിലദെൽഫിയ: ഫോർട്രെസ് പ്രസ്, 1971), 150. [4]ഉദാഹരണത്തിന് നോക്കുക, മത്താ. 13:20; 15:6; ലൂക്കൊ. 22:61; പ്രവൃ. 8:25. [5]യോഹ. 5:24; 8:31, 37, 43, 51, 52; 14:23; 15:20. [6]പീറ്റർ ടി. ഓബ്രിയെൻ, *കൊലൊഷ്യൻസ്, ഫിലെമോൻ, വേർഡ് ബിബിളിക്കൽ കമെന്ററി*, വാല്യം. 44 (വാക്കൊ, ടെക്സ്.: വേർഡ് ബുക്സ്, 1982), 208. [7]ഈ. കെ. സിംസൺ ആന്റ് എഫ്. എഫ് ബ്രൂസ്, *കമെന്ററി ഓൺ ദ എപലിസ്റ്റിൽസ് ടു ദ എഫെഷ്യൻസ് ആന്റ് ദ കൊലൊഷ്യൻസ്, ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യു ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1957), 283. [8]ലോഹ്സ്, 150. [9]പ്ലിനി *ലെറ്റേഴ്സ്* 10.96, എസ്7; അഡ്രസ്ഡ് ടു എമ്പറർ ട്രാജൻ; *കോട്ടഡ് ഇൻ എവററ്റ് ഫെർഗൂസൻ, ഏർലി ക്രിസ്റ്റ്യൻസ് സ്പീക്ക്* (ആസ്റ്റിൻ: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1971), 81. [10]ഓബ്രിയെൻ, 209–10. കൂടാതെ നോക്കുക, സിംസൺ ആന്റ് ബ്രൂസ്, 284, എൻ. 118; ആന്റ് എച്ച്. സി. ജി. മൗൾ, *ദ എപ്പിസ്റ്റിൽസ് ടു ദ കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ*, ദ കെയിംബ്രിഡ്ജ് ബൈബിൾ ഫോർ സ്കൂൾസ് ആന്റ് കോളേജസ് (കെയിംബ്രിഡ്ജ്: യൂണിവെഴ്സിറ്റി പ്രസ്, 1893; റീപ്രിന്റ് 1902), 129–30

[11]ജെ. ബി. ലൈറ്റ്ഫുട്ട്, സെന്റ് പോൾസ് *എപ്പിസ്റ്റിൽസ് ടു ദ കൊലൊഷ്യൻസ് ആന്റ് ടു ഫിലെമോൻ*, റെവ (ലണ്ടൻ: മാക്മില്ലൻ & കമ്പനി., 1916), 226. [12]വില്യം ഹെൻഡ്രിക്സൺ, *എക്സ്പൊസിഷൻ ഓഫ് കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ*, ന്യൂ ടെസ്റ്റമെന്റ് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1964), 163–64. [13]ബാവർ (2000), 1096. [14]ഇബിഡ്. [15]ഏ. ടി. റോബർട്ട്സൺ, *പോൾ ആന്റ് ദ ഇന്റലക്ചാൽസ്: ദ എപ്പിസ്റ്റിൽസ് ടു ദ കൊലൊഷ്യൻസ്*, റെവ. ആന്റ് എഡി. ഡബ്ലിയു. സി.സ്ട്രിക്ലാന്റ് (നാഷ്വിലേ: ബ്രോഡ്മാൻ പ്രസ്, 1959), 112, എൻ.3. [16]കെ. എച്ച്. ബാർടെൽസ്, "*സാൽമോസ്*," ഇൻ *ദ ന്യു ഇന്റർനാഷ്ണൽ ഡിക്ഷ്ണറി ഓഫ് ന്യു ടെസ്റ്റമെന്റ് തിയോളജി,* എഡി. കോളിൻ ബ്രൗൺ (ഗ്രാന്റ് റാപ്പിഡ്സ്,

മൈക്ക്.: സോണ്ടർവാൻ പ്രസ്, 1978), 3:670. [17]ഇബിഡ്., 671. [18]ജെർഹാർഡ് ഡെല്ലിങ്ങ്, "*ഹുംനോസ്, ഹുമെനോ, സാലോ, സാൽമോസ്" ഇൻ തിയോളജിക്കൽ ഡിക്ഷ്ണറി ഓഫ് ദ ന്യു ടെസ്റ്റമെന്റ്,* എഡി., ജെർഹാർഡ് ഫ്രെഡ്രിച്ച്, ട്രാൻസ് ആന്റ് എഡി. ജെഫ്രി. ഡബ്ലിയു ഡബ്ലിയു. ബ്രോമിലെ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1971), 8:499; എൻ. 73. [19]ഓബ്രിയെൻ, 209. [20]മാർവിൻ ആർ. വിൻസെന്റ്, *വേർഡ് സ്റ്റഡീസ് ഇൻ ദ ന്യു ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1946), 3:269–70.

[21]*ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷ്ണറി,* 2ഡ് എഡി., വാല്യം. 1 (1989), എസ്. വി, "ഏ കാപ്പെല്ലാ." [22]നോക്കുക, എം. സി. കർഫീസ്, *ഇൻസ്ട്രമെന്റൽ മൂസിക് ഇൻ ദ വർഷിപ് ഓർ ദ ഗ്രീക്ക് വെർബ് സാലോ ഫിലോലോലോജിക്കലി ആന്റ് ഹിസ്റ്റോറിക്കലി എക്സാമിന്റ്* (നാഷില്ലേ: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1950), 146, 177, 190, 194. [23]LXX ൽ കാണുന്നതുപോലെ, ഇത് ക്ലാസിക്കൽ ഗ്രീക്കിൽ പറയുന്നതാണ്. 24വാൾട്ടർ ബാവർ, ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ, 2ഡ്. എഡി., ട്രാൻസ്. വില്യം എഫ്. ആംട് ആന്റ് എഫ്. വിൽബർ ജിംജ്റിച്ച്, റെവ. ആന്റ് ആഗ്. എഫ്. വിൽബർ ജിംജ്റിച്ച് ആന്റ് ഫ്രെഡറിക് ഡബ്ലിയു. ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 1979), xi; ആന്റ് ബാവെർ (2000), xiii. [25]ബാവർ (1979) xx; ആന്റ് ബാവർ (2000), xxiii. [26]സി. ജി. വിൽകെ ആന്റ് വിൽബാൾഡ് ഗ്രിം, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ്,* ട്രാൻസ്. ആന്റ് റെവ. ജോസെഫ്. എച്ച്. തേയർ (എഡിൻബറോ, സ്ക്കോട്ട്ലന്റ്: ടി & ടി ക്ലാർക്ക്, 1901; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977), 637. [27]ഇബിഡ്., viii. [28]ഇബിഡ്., 675 [29]ഇബിഡ്. [30]റോബർട്ട് ഹുഗ് വെൻസൺ, *ബൈ വാട്ട് അതോറിറ്റി?* ക്വോട്ടഡ് ഇൻ ജോൺ ചോപിൻ, എഡ്., *ദ ബുക്ക് ഓഫ് കാത്തലിക് ക്വട്ടേഷൻസ്* (ലണ്ടൻ: ജോൺ കാൽഡർ, 1956), 666.

[31]എഡ്വേർഡ് ബിക്കെർസ്റ്റെത്, "പീസ്, പെർഫെക്റ്റ് പീസ്," *സോങ്സ് ഓഫ് ദ ചർച്ച്,* കോമ്പ് ആന്റ് എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെല്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ലിഷിങ് കമ്പനി., 1977). [32]സങ്കീ. 25:8; 34:8; 54:6; 69:16; 86:5; 100:5; 106:1; 107:1; 108:21; 118:1; 135:3; 136:1.